




**01● ഹജ്ജ്**
(കവിത)
രചന : ലുഖ്മാൻ റസ കുഴിമണ്ണ

**02● പെരുന്നാൾ ദിനം** (അനുഭവ കുറിപ്പ്)
രചന : അദ്നാൻ ചെറുവാടി

**03● പെരുന്നാൾ**
(അനുഭവ കുറിപ്പ്)
രചന : അഫ്നാൻ തവനൂർ

**04● പെരുന്നാൾ കുടുംബത്തോടൊപ്പം**
(അനുഭവ കുറിപ്പ്)
രചന : നിസ്‌വിൻ വെള്ളൂർ

**05● പെരുന്നാൾ സന്തോഷം**
(അനുഭവ കുറിപ്പ്)
രചന : അമാൻ നെടിയിരുപ്പ്

**06● വലിയ പെരുന്നാൾ**
(കവിത )
രചന : മുബഷിർ പടിഞ്ഞാറ്റുമുറി

**07● ഈദുൽ അള്ഹ**
(കുറിപ്പ്)
രചന : മിദ്‌ലാജ് പത്തപിരിയം

**08● ഹജ്ജിന്റെ ഉൽഭവം**
(കുറിപ്പ്)
രചന : മിൻഹാജ് മാരിയാട്

**09● പെരുന്നാൾ ദിനം**
(അനുഭവ കുറിപ്പ്)
രചന : സിനാൻ കുഴിഞ്ഞോളം

**10● പെരുന്നാൾ ആവേശം**
(അനുഭവ കുറിപ്പ്)
രചന : നസീൽ കുഴിഞ്ഞോളം

11 ● ഹജ്ജിന്റെ ശ്രേഷ്ടത
(ലേഖനം)
രചന : അനസ് മൈത്ര

12 ● ഉള്ഹിയ്യത്ത്
(ലേഖനം)
രചന : സുഫിയാൻ രാമനാട്ടുകര

13 ● വലിയ പെരുന്നാൾ
(അനുഭവ കുറിപ്പ്)
രചന : അമീൻ തനിയമ്പുറം

14 ● ബലിദാനത്തിന്റെ പൊരുൾ
(ലേഖനം)
രചന : ശിഫിൻ അത്താണിക്കൽ

15 ● മുസ്ലിമിന്റെ പെരുന്നാൾ
(ലേഖനം)
രചന : ഉമറുൽ ഫാറൂക്ക്

16 ● ലാസ്റ്റ് ലെവൽ
(ലേഖനം)
രചന : യാസീൻ റസ കുഴിമണ്ണ

17 ● ഹജ്ജ് സവിശേഷതകളുടെ സംഗമം
(ലേഖനം)
രചന: നജാഹ് അരീകോട്

18 ● സൻആയിലെ പണ്ഡിതൻ
(ലേഖനം)
രചന: വദൂദ് കാരിപ്പറമ്പ്

19 ● എന്റെ പെരുന്നാൾ ഓർമ
(അനുഭവ കുറിപ്പ്)
രചന: ലുക്മാൻ കിഴിശ്ശേരി

20 ● ബലി പെരുന്നാളിന്റെ പൊരുളുകൾ
(ലേഖനം)
രചന: സിനാൻ ഇരുമ്പുഴി

21 ● ദുൽഹിജ്ജ: പവിത്ര മാസങ്ങളിലെ രാജാവ്
(ലേഖനം)
രചന: സുഹൈൽ കാവനൂർ

22 ● ഉള്ഹിയ്യത്ത് ഹനഫി മദ്ഹബിൽ
(ലേഖനം)
രചന: മുഹമ്മദ് സിനാൻ പടിയഞ്ചാലിൽ

23 ● ഉള്ഹിയ്യത്തിന്റെ നിബന്ധനകൾ
(ലേഖനം)
രചന: മിൻഹാൽ മാരിയാട്

24 ● ബലിപെരുന്നാളിനെ വരവേൽക്കാം നമുക്ക്
(ലേഖനം)
രചന: മിൻഹാജ് തനിയമ്പുറം

25 ● യുവാക്കൾ നശിപ്പിക്കുന്ന പെരുന്നാൾ
(ലേഖനം)
രചന: ശാഹിദ് പെരുംതാറ്റിരി

26 ● മറക്കാൻ പറ്റാത്ത ദിനാരാത്രങ്ങള്
(അനുഭവ കുറിപ്പ്)
രചന: മിൻഹാജ് പത്തപ്പിരിയം

## 27● എന്റെ പെരുന്നാൾ അനുഭവം

(അനുഭവ കുറിപ്പ് )

രചന: ഇർഫാൻ തനിയമ്പുറം

## 28● ബലിപെരുന്നാൾ ഓർമ

(അനുഭവ കുറിപ്പ് )

രചന: നിഹാൽ കാരിപ്പറമ്പ്

# ആശംസ



**" മിസ്ബാഹുൽ ഹുദാ സ്റ്റുഡൻസ് യൂണിയൻ"**

മിസ്ബാഹുൽ ഹുദാ ദർസ് യൂണിയൻ കീയിൽ ഹജ്ജ് , ബലിപെരുന്നാൾ എന്നീ വിഷയങ്ങളിൽ പുറത്തിറങ്ങുന്ന അൽ മിസ്ബാഹ് എന്ന മാഗസിനു വേണ്ടി പ്രവർത്തിച്ച എൻറെ എല്ലാമെല്ലാമായ പ്രിയ വിദ്യാർത്ഥികൾക്കും അതിനുവേണ്ടി പ്രയത്നിച്ച മറ്റു ഉസ്താദുമാർക്കും ആശംസകൾ അറിയിക്കുന്നു. ഇതുപോലെ അടുത്ത പ്രാവശ്യവും ഈ മാഗസിനെക്കാൾ മെച്ചപ്പെട്ട രീതിയിൽ ഇറക്കാൻ സാധിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു. മാഗസിൻ ഇറക്കുന്നതിന് ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും എൻറെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നതാണ്.

**Usthad Abdul Nasar Naeemi**

# ആശംസ



**" മിസ്ബാഹുൽ ഹുദാ സ്റ്റുഡൻസ് യൂണിയൻ"**

പുറത്തിറക്കുന്ന അൽ മിസ്ബാഹ് എന്ന ഡിജിറ്റൽ മാഗസിൻ' ചിത്രങ്ങളാലും രചനകളാലും തങ്ങളുടെ കഴിവ് തെളിയിച്ച മനുഷ്യന്റെ ഗ്രേറ്റഡ് അക്കാദമിയിൽ ഉള്ള പ്രിയ വിദ്യാർത്ഥികൾക്ക് ആശംസകൾ.( ഹജ്ജ്, ബലിപെരുന്നാൾ) എന്നീ വിഷയങ്ങളിൽ പുറത്തിറക്കുന്ന മാഗസിൻ ഇത്രത്തോളം മനോഹരം ആക്കാൻ ശ്രമിച്ച എല്ലാവർക്കും ഈ അവസരത്തിൽ ഹൃദയം നിറഞ്ഞ അഭിമാനം നേരുന്നു. കാലത്തിന്റെ ചുവരെഴുത്തുകൾ അതേപടി ഒപ്പിയെടുക്കാൻ ഇവർക്ക് സാധിച്ചിരിക്കുന്നു എന്നത് വലിയ നേട്ടം തന്നെയാണ്. ഏത് പ്രതികൂലങ്ങളെയും അനുകൂലമാക്കി ക്രിയാത്മകമായ സാഹിത്യ സൃഷ്ടികളെ അവതരിപ്പിക്കാനുള്ള ഉദാഹരണമാണിത്. തുടർന്നും നവോന്മേഷത്തോടെ പുത്തൻ ആശയങ്ങളെ ഈ വഴിയിലേക്ക് പകർത്താൻ നിങ്ങൾക്ക് കഴിയട്ടെ നവമാധ്യമങ്ങൾ പലപ്പോഴും സമൂഹത്തെ ആക്കുന്ന ഈ സാഹചര്യത്തിൽ നിങ്ങളുടെ ചുവടെടുപ്പ് പുതിയ അധ്യായം തുറക്കട്ടെ. ഇതിനു പുറകിൽ പ്രവർത്തിച്ച എല്ലാവർക്കും എൻറെ ആശംസകൾ നേരുന്നു തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് എൻറെ എല്ലാവിധ പിന്തുണയും ഉണ്ടാവുമെന്നും അറിയിച്ചുകൊള്ളുന്നു.

**Usthad Zubair Naeemi**

# ആമുഖം

മൻശഅ് ഇന്റഗ്രേറ്റഡ് അക്കാദമിയിൽ  പഠിക്കുന്ന വിദ്യാർത്ഥികളെ എഴുതിയ അൽ മിസ്ബാഹ് എന്ന ഈ മാഗസിൻ ഇവിടെ പഠിക്കുന്ന കുട്ടികളുടെ ബലിപെരുന്നാൾ അനുഭവവും ബലിപെരുന്നാളിന്റെ ശ്രേഷ്ഠതകളും പ്രത്യേകതകളും ബലി  അറുക്കുന്നതിന്റെ വിധിയും ഇതെല്ലാം ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു ചെറിയ മാഗസിൻ ആണിത്. മിസ്ബാഹ് എന്നതിൻറെ അർത്ഥം വിളക്ക് എന്നാണ്. ആ വിളക്കിന്റെ ദീപം അണയുന്നതിനെ തൊട്ട് സൂക്ഷിക്കാൻ നമ്മൾ ഓരോരുത്തരുടെയും കടമയാണ് . ആ അറിവിനെ നമ്മൾ തേടി പോകണം. ഈ മാഗസിനിലൂടെ നിങ്ങൾക്ക് വലിയ അറിവൊന്നും ലഭിക്കുന്നുണ്ടാകില്ല എങ്കിലും ചെറിയ തോതിലുള്ള അറിവ് മാത്രമേ ലഭിക്കുകയുള്ളൂ.. എന്നാലും ഒരു ഹർഫ് പഠിപ്പിച്ചവനിക്ക് ആയിരം ദിർഹം കൊടുക്കണമെന്ന് അലി റളിയള്ളാഹു അൻഹു പഠിപ്പിച്ചത്. അതിനർത്ഥം നമ്മൾ അവർക്ക് പണം  കൊടുക്കണം എന്നല്ല. ബഹുമാനിക്കുക അനുസരിക്കുക എന്നാണ്. നിങ്ങൾക്ക് ഈ മാഗസിന് എത്രത്തോളം ഉപകാരപ്പെടുന്നു എന്നത് ഞങ്ങൾക്ക് അറിയില്ല എത്രയായാലും . ഈ മാഗസിൻ ഉപകാരപ്പെടട്ടെ എന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

## 1. ഹജ്ജ്

ഇബ്രാഹിം നബിയുടെ
വിളിക്ക് ഉത്തരം നൽകുവാൻ  ഇബ്രാഹിം നബിയുടെ

വിളിക്ക് ഉത്തരം നൽകുവാൻ
ഹാജിമാരുടെ വൻ സഭയാ. ....
സഫയിലും മറുവയിലും

സഹീയുകൾ നടത്തി
അറഫ മൈതാനിയിൽ ഒരുമിച്ചുകൂടി.....

ലക്ഷം ഇലാഹിന്റെ
ഉടയോനെ വിളിക്കലുമാ ......
ഖൽബിൽ പെരുത്ത


മുഹബ്ബത്തത്തോടെ ഒരുത്തനെ  തേടി
വന്നവർ ......
മോഹ ഉണ്ടേ ...... മോഹ ഉണ്ടേ .......

ഹജ്ജ് എന്ന് കർമ്മം
ചെയ്തിടാനായി ......

രചന : ലുക്ക്മാൻ

## 2 .പെരുന്നാൾ വൈബ്

പെരുന്നാൾ വൈബ് പെരുന്നാളിൽ രാവിലെ സുബഹിക്ക് എഴുന്നേറ്റു എണ്ണ തേച്ചു കുളിച്ചു. പുതിയ ഡ്രസ്സ് ഇത്തിരി ഇട്ടു ഇറച്ചി വരട്ടിയതും പത്തിരിയും കഴിച്ചു. ഇക്കാക്ക വന്നു പുതുവസ്ത്രം ഞാൻ . ഞങ്ങൾ രണ്ടുപേരും ഉപ്പായെയും കൂട്ടി 7:30 തിൻ പള്ളിയിലേക്ക് പുറപ്പെട്ടു. 8:30 തിനായിരുന്നു നിസ്കാരം. നിസ്കാരം കഴിഞ്ഞിട്ട് കടയിൽ പോയി പലഹാരങ്ങൾ വാങ്ങിച്ചു. അതുകൊണ്ട് വീട്ടിലേക്ക് മടങ്ങി എല്ലാവരും വീതിച്ചു കഴിച്ചു . മൂത്താപ്പാന്റെ വീട്ടിൽ പോയ സമയത്ത് മൂത്താപ്പ പെരുന്നാൾ പൈസ തന്നു. തറവാടിന്റെ പണ്ടത്തെ വൈബ് ആസ്വദിക്കാൻ എല്ലാവരും എത്തിച്ചേർന്നു. വലിയുമ്മയുടെ പെരുന്നാൾ പോലെ എല്ലാവർക്കും ഭക്ഷണം വിളമ്പി. കൂടെ ബാക്കിയുള്ള ഉമ്മമാർ സഹായിച്ചു. ഭക്ഷണം കഴിച്ചതിന് ശേഷം ബലി അറുക്കുന്നത് കാണാൻ ഞാനും എൻറെ കൂട്ടുകാരും സജീവമായിരുന്നു ബലിയറുക്കുമ്പോൾ പോത്തിന്റെ കെട്ടഴിഞ്ഞു പോയപ്പോൾ പോയപ്പോൾ എല്ലാവരും പേടിച്ച് വിരണ്ടോടി. പിന്നെ പോത്തിന്റെ ഉടമസ്ഥനും കുറച്ചുപേരും പോയി പോത്തിനെ പിടിച്ചു കൊണ്ടുവന്നു പോത്ത് ഓടിയതോടെ ഞങ്ങളുടെ ഉന്മേഷം പോയി പിന്നെ വീട്ടിൽ പോയപ്പോഴാണ് ഒരു സന്തോഷവാർത്ത അറിഞ്ഞത്.



എന്താണ്? വനം കാടിൻറെ വാത്സല്യത്തോടെയുള്ള തണുപ്പിന്റെ തടുകളെ പോലെയുള്ള വയനാട്ടിലേക്ക് ഒരു ടൂർ.... വയനാട്ടിൽ ഞങ്ങൾ റിസോർട്ട് ബുക്ക് ചെയ്തു. ഞങ്ങൾ അടിച്ചു പൊളിച്ചു തിമിർത്തു. ആ വയനാട് യാത്ര ഞങ്ങൾ ഏറെ ആസ്വദിച്ചു. വീട്ടിലേക്ക് മടങ്ങി . പിന്നെ വീട്ടിലെത്തിയത് അടുത്ത ദിവസമാണ് വയനാട് ഓർക്കുമ്പോൾ എനിക്ക് സങ്കടമായി. എങ്കിലും ആ വയനാട് യാത്ര  വളരെ നല്ല എക്സ്പീരിയൻസ് ആയിരുന്നു..

രചന : അദ്നാന്



## 3.പെരുന്നാൾ

പെരുന്നാൾ എന്ന് പറയുന്നത് മുസ്ലിം മത വിശ്വാസികൾക്ക് ആഘോഷിക്കാനുള്ള നാളാണ്. ഇസ്ലാമിൽ രണ്ട് തവണയാണ്

പെരുന്നാൾ ആവർത്തിക്കുന്നത്. അതാവുന്നത് ബലി പെരുന്നാൾ ചെറിയ പെരുന്നാൾ. ബലിപെരുന്നാൾ എന്നത് എൻറെ മനസ്സിന് നല്ല കുളിരേകുന്ന ഒരു വാക്കാണ് അതുപോലെ ദിവസവും ആണ്. കാരണം ആ പെരുന്നാൾ ദിവസം ചെറിയ പെരുന്നാൾ പോലെയല്ല. ആ ദിവസത്തിൽ മൃഗത്തെ ബലിയറുക്കുന്ന ചടങ്ങുണ്ട്. ആ ബലിയ റുക്കുന്നത് കണ്ടു നിൽക്കാൻ എനിക്ക് പെരുത്തിഷ്ടമാണ്. അന്നേദിവസം രാവിലെ എണീറ്റ് കുളിച്ച് നല്ല വസ്ത്രം ധരിച്ച് അത്തർ പൂശി പള്ളിയിലേക്ക് ഉപ്പയോട് കൂടെ ഞാൻ നടന്നു പോകും. അങ്ങനെ നിസ്കാരവും ഖുതുബയും കഴിഞ്ഞ് മൃഗത്തെ ബലി അറുക്കുന്നത് സന്തോഷപൂർവ്വം കണ്ട് കഴിഞ്ഞതിനുശേഷം വീട്ടിലേക്ക് നടക്കും. അങ്ങനെ വീട്ടിൽ നിന്ന് ഭക്ഷണം കഴിച്ച് അന്ന് സ്പെഷ്യൽ ആയിട്ട് ഉണ്ടാക്കിയ പായസം അല്ലെങ്കിൽ ജ്യൂസ് കുടിച്ച് കുറച്ചുനേരം വീട്ടിലിരുന്നതിനു ശേഷം അയൽപക്കത്തുള്ള വീടുകളിലും കുടുംബക്കാരുടെ വീടുകളിലും പോവാറുണ്ട് . ഇതാണ് എൻറെ അതിമനോഹരമായ ബലിപെരുന്നാൾ ദിവസം . അന്ന് ഉപ്പയുടെ മനസ്സനുസരിച്ച് ഏതെങ്കിലും സ്ഥലം കാണാൻ പോകും. . അത് വല്ലാത്തൊരു എക്സ്പീരിയൻസ് ആണ്. ആ യാത്ര എന്നത് ഒരു മണിക്കൂർ കൊണ്ട് എത്തുമെന്ന് പ്രതീക്ഷിച്ചു പോയാൽ കുറഞ്ഞത് രണ്ടോ മൂന്നോ മണിക്കൂർ വരെ വേണ്ടിവരും. കാരണം ആ ദിവസം റോഡ് നിറയെ വാഹനങ്ങൾ കൊണ്ട് നിറഞ്ഞിരിക്കും. റോഡ് ഏതാണെന്ന് പോലും കാണാൻ സാധിക്കില്ല. അങ്ങനെ വാഹനത്തിലിരുന്ന് ബ്രേക്ക് പിടിച്ച് ബ്രേക്ക് പിടിച്ച് പോകുന്നത് ആലോചിക്കുമ്പോൾ ചടപ്പാണ്. ആ ദിവസം അത് വേറെ രസമാണ്. അങ്ങനെ പോകാൻ ഉദ്ദേശിച്ച സ്ഥലം എത്തിയാൽ കാഴ്ചകളും കണ്ട് കുറച്ചുനേരം കഴിഞ്ഞ് ഉപ്പയെ ഒന്ന് മയക്കിയെടുത്ത് വയറ് നിറയെ ഭക്ഷണവും കഴിച്ചു ഉപ്പയുടെ കുപ്പായത്തിന്റെ പോക്കറ്റ് കാലിയാക്കി വീട്ടിലേക്ക് മടങ്ങും. പിന്നെ വീട്ടിൽ വന്ന് നേരം വൈകിയാൽ അന്ന് ഉണ്ടാക്കിയ ഭക്ഷണം കഴിച്ചു ഞാൻ ബെഡ്റൂമിലേക്ക് പോയി ഒരൊറ്റ കിടത്തമാണ്. ആ ഒരു നീണ്ട ഉറക്കം അത് വേറൊരു ഫീലിംഗ് നൽകാറുണ്ട്. എൻറെ മനസ്സിനെ അങ്ങനെ ഒരു മനോഹരമായ ഒരു ദിവസമായിരിക്കും. അതുപോലെ അന്ന് ലഭിച്ച ഇറച്ചി പിറ്റേദിവസം തുടങ്ങി ഒന്ന് രണ്ട് മൂന്ന് ദിവസം വരെ ഉപയോഗിക്കും . ആ ഇറച്ചിക്ക് വളരെയധികം രസമാണ്. അതുപോലെതന്നെ പെരുന്നാൾ ദിവസം മുസ്ലിം സമൂഹം മുഴുവനും സന്തോഷിക്കുന്ന ദിവസമാണ്. അന്നത്തെ ദിവസം ഗ്രാമത്തെ കാണാൻ റോസാപ്പൂ വിരിഞ്ഞു നിൽക്കുന്നത് പോലെയാണ്. കാരണം അന്നത്തെ ദിവസം എല്ലാരും നല്ല വസ്ത്രം ധരിച്ച് പള്ളിയിലേക്കും പിന്നെ കൂട്ടുകുടുംബക്കാരുടെ വീട്ടിലേക്കും പോകുന്നത് കാണുമ്പോൾ എനിക്ക് തോന്നുന്നത് റോസാപ്പൂ വിരിഞ്ഞു നിൽക്കുന്നത് പോലെയാണ് . ആ നാടിനെ അന്നത്തെ ദിവസം റോസാപ്പൂവിന്റെ സുഗന്ധമായിരിക്കും. കാരണം എല്ലാവരും അന്നത്തെ ദിവസം നല്ല അത്തറുകൾ പൂഷാർ ഉണ്ട്. ഇതുപോലത്തെ ഒട്ടനവധി അനുഭവങ്ങൾ എനിക്ക് ബലിപെരുന്നാളിന് ഉണ്ടായിട്ടുണ്ട്. ഈ രണ്ടു പെരുന്നാളുകളും നമുക്ക് ആഘോഷിക്കാൻ ഉള്ളതാണ്.


രചന : അഫ്നാൻ തവനൂർ



# 4.പെരുന്നാൾ കുടുംബത്തോടൊപ്പം

എൻറെ ജീവിതത്തിൽ ഏറ്റവും പ്രിയപ്പെട്ട ഒരു ദിവസമാണ് പെരുന്നാൾ ദിവസം ഏറ്റവും സന്തോഷമുള്ള ദിവസമാണ് ആ ദിവസം പുതിയ ഡ്രസ്സും പുതിയ ഷൂസും ധരിച്ച് പോയ ഒരു കാലം പിന്നെ ഒരു ബിരിയാണി പിന്നെ ചങ്ങാതിയുടെ വീട്ടിലേക്ക് പിന്നെ അത് കഴിച്ചാൽ ചങ്ങാതിമാർക്ക് പോത്തിനെ അറക്കുന്ന കാണാൻ പോകാൻ വീട്ടിലേക്ക് വരും. ഉളുഹിയത്തിന് അറുത്ത ഇറച്ചി വീട്ടിലേക്ക് കൊണ്ടുവരും. രണ്ടാം പെരുന്നാൾ ഇറച്ചി കൊണ്ട് ബിരിയാണി ഉണ്ടാക്കും. ആ ബിരിയാണിയുടെ ടേസ്റ്റ് ഒന്നും പറയാനില്ല. അതൊക്കെ ഫുഡ് കഴിച്ചു ഉമ്മാൻറെ വീട്ടിലേക്ക് പോകും. പഴയ കാര്യങ്ങളൊക്കെ പറഞ്ഞു സമയം കളയും. അപ്പോൾ ഞങ്ങൾ എല്ലാവരും സന്തോഷമായിരിക്കും. ഞങ്ങളെല്ലാവരും കൂടെ കൊടേക്കനാക്ക് ട്രിപ്പ് പോവായിരുന്നു ആ സമയം ഞങ്ങൾക്കെല്ലാവർക്കും നല്ല ദാഹം ഉള്ളതുകൊണ്ട് ഞങ്ങൾ ബൂസ്റ്റ് കുലുക്കി കുടിക്കാൻ ഉദ്ദേശിച്ചു . തൊട്ടടുത്ത കണ്ട കടയിൽ കയറി ഞാനാണ് ബൂസ്റ്റ് കുലുക്കിയത് . അത് കുടിച്ച എല്ലാവർക്കും നല്ല ഇഷ്ടപ്പെട്ടു.

രചന : നസ് വിൻ  വെള്ളൂർ




# 5.പെരുന്നാൾ സന്തോഷം

പെരുന്നാൾ എന്ന് പറഞ്ഞാൽ സന്തോഷത്തിന്റെ ദിവസമാണ്. പെരുന്നാൾ എത്തിച്ചേരാൻ ഞാൻ എൻറെ ഉമ്മയോട് ചോദിക്കും ഉമ്മ എന്നാണ് പെരുന്നാൾ എത്തിച്ചേരുക.

എനിക്ക് ചെറിയ പെരുന്നാൾ ആയാലും വലിയ പെരുന്നാൾ ആയാലും എനിക്ക് വളരെ ഉത്സാഹമാണ്. പ്രകൃതി പെരുന്നാളിനെ കാത്തുനിൽക്കുന്നത് പോലെ ഞാനും കാത്തു നിൽക്കും. ഉപ്പ വാങ്ങിത്തന്ന പുത്തൻ ഡ്രസ്സ് ഇടാനായി ഉമ്മ ഇടാൻ നിൽക്കുന്ന മൈലാഞ്ചി കൈകളും ഉഗ്രൻ ബിരിയാണിയും എന്നെ വല്ലാതെ കൊതിപ്പിക്കുന്നുണ്ടായിരുന്നു. ഒന്നുവിൽ പരിശുദ്ധമായ പെരുന്നാൾ എത്തിയോടുകൂടെ പെരുന്നാളിന്റെ സുന്നത്ത് കിട്ടാൻ വേണ്ടി ഒന്നും കഴിച്ചില്ല . പുത്തൻ ഡ്രസ്സ് ഇട്ടുകൊണ്ട് പള്ളിയിലേക്ക് ഉപ്പാന്റെ കൂടെ പോയി ഞാൻ അവിടെ എത്താനായപ്പോഴേക്കും അകത്തെ പള്ളിയിൽ നിന്ന് ഒരു ശബ്ദം എന്തായിരുന്നു അത്? അത് തക്ബീർ ധ്വനികൾ ആയിരുന്നു. നിസ്കാരം കഴിഞ്ഞ് ഞാൻ എൻറെ ഉപ്പയോടുകൂടെ എൻറെ ഉപ്പുപ്പാന്റെ മഖ്ബറയുടെ അരികിൽ പോയി പ്രാർത്ഥിച്ച് ഞങ്ങൾ വീട്ടിലേക്ക് മടങ്ങി. ഉമ്മ ഭക്ഷണം വിളമ്പി വച്ചിട്ടുണ്ടായിരുന്നു. ഞാനും എൻറെ ഉപ്പയും ഉമ്മയും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ചു . അതിനുശേഷം ഞങ്ങൾ ഒരു യാത്ര പോയി . 3:15 ന് വീട്ടിൽ നിന്ന് ഇറങ്ങി ഞങ്ങൾ ഊട്ടിയിലേക്കാണ് പോകുന്നത് ഊട്ടിയിലെത്തിയത്. അഞ്ചുമണിക്കാണ് അവിടെ ഞങ്ങൾ കുറെ കാഴ്ചകൾ കണ്ടു രാത്രി പോയപ്പോൾ ഉപ്പാൻറെ സുഹൃത്തിൻറെ വീട്ടിലേക്ക് താമസിക്കാൻ പോയി . ഊട്ടിയിൽ തണുപ്പ് കൂടുതലാണ്. പിറ്റേദിവസം രാവിലെ ഞങ്ങൾ സ്ഥലങ്ങൾ കാണാൻ പോയി. കുറെ കാഴ്ചകൾ കണ്ടതിനുശേഷം ഞങ്ങൾ വീട്ടിലേക്കു മടങ്ങി. ക്ഷീണം കാരണം വന്ന ഉടനെ കിടന്നുറങ്ങി. അങ്ങനെ പെരുന്നാൾ അടിച്ചുപൊളിച്ചു.

രചന : അമാൻ നെടിയിരിപ്പ്



## 6 .വലിയ പെരുന്നാൾ

വലിയ പെരുന്നാൾ വന്നല്ലോ.....
സന്തോഷനാൾ.....
ഇബ്രാഹിം നബിയെയും മകനെയും
ഓർക്കുന്ന നാൾ.....
കുട്ടികൾക്കെല്ലാം ആഹ്ളാദ രാവ്.....
മാനത്ത് അമ്പിളി വിടരുന്ന രാവ്.....
പള്ളികളിൽ നിന്ന് കേൾക്കുന്ന
തക്ബീർ ധ്വനി കേൾക്കാൻ
എന്തൊരു ആനന്ദം.....
പുത്തനുടുപ്പും അത്തറും പൂശി
പള്ളിയിലേക്ക് ഓടുന്ന നേരം....
കൂട്ടുകുടുംബങ്ങളോട് ബന്ധം

പുലർത്തുന്ന നാൾ.....
കൂട്ടുകാർക്കും കൂട്ടുകുടുംബങ്ങൾക്കും നേരുന്നു ഈദ് മുബാറക്ക്....

اللهُ أَكْبَرُ ،اللهُ أَكْبَرُ، اللهُ أَكْبَرُ... لَا إِلَهَ إِلَّا اللهُ

اللهُ أَكْبَرُ، اللهُ أَكْبَرُ ... وللهِ الْحَمْدُ

രചന : മുബഷിർ പടിഞ്ഞാറ്റുമുറി

## 7 . ഈദുൽ അള്ഹ

പ്രകൃതി കാത്തു നിൽക്കുന്ന ദിവസം. മൊട്ടു മായി നിൽക്കുന്ന ചെടി ഒരു ദിവസം വിരിയാൻ ആഗ്രഹിക്കും. മിണ്ടാപ്രാണികളും ജീവജാലങ്ങളും ഉല്ലസിക്കുന്ന ദിവസം. വേറൊന്നുമല്ല ബലിപെരുന്നാൾ ദിനം. ആകാശത്തിലെ ചന്ദ്രൻ വിരിയുന്നത് കാണാൻ കാത്തിരിക്കുന്ന ജനങ്ങൾ. വെള്ള പ്രാവിൻറെ വെള്ള വസ്ത്രം ഇസ്തിരിയിട്ട് തലപ്പാവ് മൊഞ്ച് കൂട്ടി വെക്കുന്ന ഞാൻ. ഉമ്മയും ഉപ്പയും നാളേക്കുള്ള സ്വാദിഷ്ടമായ ഭക്ഷണത്തിൻറെ മസാല കൂട്ടി വെക്കുന്നു . അനിയത്തിയും ഏട്ടത്തിയും മൊഞ്ച് ആവാൻ വേണ്ടി മൊഞ്ചുള്ള മൈലാഞ്ചി ഇടുന്ന ദിവസം. പിന്നെ വാട്സ്ആപ് ഗ്രൂപ്പിൽ പെരുന്നാളിന്റെ ദിനം അറിയിക്കാൻ സ്റ്റിക്കർ ഇടാൻ ഉല്ലസിക്കുന്ന ഞാൻ . തീർത്തും പെരുന്നാൾ ഒരു ആഘോഷം തന്നെയാണ്. സുബഹിക്ക് എന്നും ഉമ്മ വിളിക്കുമ്പോൾ മടി കാണിക്കുന്ന ഞാൻ. പക്ഷേ ഈ സുബഹിക്ക് വിളിച്ചപ്പോൾ ചാടി എണീച്ച് പല്ല് തേച്ച് കുളിക്കുന്ന ഞാൻ. പുത്തൻ വസ്ത്രം ധരിച്ച് നിൽക്കും എങ്കിലും ഉപ്പ ഉമ്മാക്ക് സഹായിച്ചു കൊണ്ടിരിക്കുകയായിരിക്കും . ഒടുവിൽ ഞങ്ങൾ പള്ളിയിലേക്ക് പുറപ്പെട്ടു. പള്ളിയിലേക്ക് എത്തുന്നതിന്റെ മുൻപ് തന്നെ പള്ളിയിൽനിന്ന് തക്ബീർ ധ്വനികളുടെ ശബ്ദം ഉയർന്നിരുന്നു. അത് ഏത് ചൊല്ലിക്കൊണ്ട് ഞാൻ പള്ളിയിലേക്ക് യാത്രയായി. എൻറെ കുടുംബക്കാർക്കും ചങ്ങാതിമാർക്കും ഈദ് മുബാറക്ക് ആശംസിച്ചുകൊണ്ട് ഞാൻ സന്തോഷം അറിയിച്ചു. നിസ്കാരവും ഖുതുബയും കഴിഞ്ഞ് എൻറെ കുടുംബത്തോട് കൂടി കുടുംബത്തിൽ മരണപ്പെട്ടവർക്കും അവിടെയുള്ളവർക്കൊക്കെ ദുആ ചെയ്തു. ഇനിയാണ് പെരുന്നാൾ പൂർണ്ണമാകുന്നത്. പള്ളിപ്പറമ്പിൽ ബലിയറക്കാനുള്ള നാൽക്കാലികളെ നിരനിരയായി നിർത്തുന്നു.അതിനെ ബലിഅറുക്കുന്നത് കാണാൻ പള്ളിയുടെ മേലെയും തയേയുമായി ആൾക്കാർ കൂടിയിട്ടുണ്ടായിരുന്നു അറുവ് എല്ലാം കഴിഞ്ഞു ഞാനും ഉപ്പയും വീട്ടിലേക്ക് പുറപ്പെട്ടു. വീട്ടിൽ ഉമ്മയും അനിയത്തിയും ഏട്ടത്തിയും ഞങ്ങളെ കാത്തുനിൽക്കുന്നുണ്ടായിരുന്നു, അങ്ങനെ ഭക്ഷണം കഴിച്ചു കഴിഞ്ഞു ഉമ്മാക്ക് ബിരിയാണി ഇഷ്ടമായതുകൊണ്ട് ബിരിയാണി ഉണ്ടാക്കി. പിന്നങ്ങോട്ട് ഉപ്പാനെ സോപ്പിട്ടുകൊണ്ട് ഉപ്പാന്റെ വണ്ടി വാങ്ങി പുറത്തേക്ക് പോകും . പുറമേ ചെറിയൊരു യാത്ര ചങ്ങാതിമാരുടെ കൂടെ പോകും. ഈ ബലി പെരുന്നാൾ വലിയ ആസ്വാദനത്തിൽ ഞാൻ നിർത്തുന്നു.

രചന : മിദ്‌ലാജ് പത്തപ്പിരിയം



## 8. ഹജ്ജിന്റെ ഉൽഭവം

പ്രവാചകചര്യയും നിർദ്ദേശിച്ച മാതൃകയിൽ മുസ്ലിംങ്ങൾമതപരമായ അനുഷ്ഠാനമായി ദുൽഹജ്ജ മാസം 8മുതൽവരെ മക്കയിലേക്ക് നടത്തുന്ന തീർത്ഥാടനത്തേയും, അതോടനുബന്ധിച്ചുള്ള കർമ്മങ്ങളെയുമാണ് ഹജ്ജ് എന്ന് പറയുന്നത്.വർഷംതോറും നടന്നു വരുന്ന ലോകത്തിലെ ഏറ്റവും വലിയ തീർഥാടനമാണിത്.

അഞ്ചാമത്തെതായാണ് ഹജ്ജ് വിശേഷിപ്പിക്കപ്പെടുന്നത്.ഇസ്ലാം മതവിശ്വാസികളുടെ ഐക്യത്തിന്റെയും അല്ലാഹുവിനുള്ള കീഴ്പ്പെടലിന്റെയും പ്രതീകമായി ഹജ്ജ്കരുതപ്പെടുന്നു.കഅ്ബ പണിതഇബ്രാഹീംനബി ഭാര്യ ഹാജറ, അവരുടെമകൻ ഇസ്മാഇൽ എന്നിവരുടെ ഓർമകളും അവരുമായി ബന്ധപ്പെട്ട സംഭവ വികാസങ്ങളുമാണ് ഹജ്ജിലെ കർമ്മങ്ങൾ.

ഇബ്രാഹിം, ഇസ്മായിൽ എന്നിവരാണ് അല്ലാഹുവിന്റെ കല്പന അനുസരിച്ച് കഅബ നിർമ്മിച്ചത് എന്ന് വിശ്വസിക്കുന്നു ആദ്യത്തെ നബിയായ ആദംനബിയാണ് കഅബ സ്ഥാപിച്ചതെന്നും, ഇത് മണലിൽ പൂണ്ടുകിടന്നയിടത്താണ് ഇബ്രാഹിം നബി കഅബ പുനഃസ്ഥാപിച്ചതെന്നുംവിശ്വാസമുണ്ട്. കാലക്രമേണ കഅബ വളരെ പ്രസിദ്ധമായ ആരാധനാലയമായിത്തീരുകയും വിശ്വാസികൾ അവിടെ ദർശനം നടത്താനെത്തുകയും ചെയ്തിരുന്നു. പലരുംകൊണ്ടുവന്നിരുന്ന  വിഗ്രഹങ്ങളും അവിടെ സ്ഥാപിക്കപ്പെട്ടിരുന്നു.സംസം കിണറിൽ നിന്നും എപ്പോഴും ജലം ലഭിച്ചിരുന്നതിനാൽ മക്ക ഒരു തിരക്കുള്ള നഗരമായി. ജനങ്ങൾ ബഹുദൈവ വിശ്വാസികളാവുകയും വിവിധ ദൈവങ്ങളെയും ആത്മാക്കളെയും ആരാധിക്കാൻ തുടങ്ങുകയും ചെയ്തു. കഅബാലയത്തിനുള്ളിലെ ധാരാളം വിഗ്രഹങ്ങൾ അവർ ആരാധിച്ചുകൊണ്ടിരുന്നു.എന്നാൽ പ്രവാചകനായ മുഹമ്മദ് നബി കഅബ പുതുക്കിപ്പണിയുകയും അവിടെ സ്ഥാപിച്ച വിഗ്രഹങ്ങൾ നീക്കം ചെയ്യുകയും ചെയ്തു.
ആദം നബി മുതൽ അന്ത്യ പ്രവാചകൻ മുഹമ്മദ് നബിയിൽ വരെ വിശ്വസിക്കുന്നവർക്ക് മാത്രമായിട്ടെന്ന് പ്രഖ്യാപിച്ച് അത് തുറന്നുകൊടുക്കുകയും ചെയ്തു.കഴിവും സമ്പത്തുമുള്ള ഓരോ മുസ്ലീമും ജീവിതത്തിൽ ഒരിക്കലെങ്കിലും ഹജ്ജ് ചെയ്തിരിക്ണം എന്ന്

നിർബന്ധമാണ് അറബിമാസം ദുൽഹിജ്ജ് 8 മുതൽ 12 വരെയാണ് ഹജ്ജ് കർമ്മം ചെയ്യേണ്ട ദിവസങ്ങൾ. ഇസ്ലാമിക്ക് കലണ്ടറും ഗ്രിഗോറിയൻ കലണ്ടറും തമ്മിൽ 11 ദിവസത്തോളം വ്യത്യാസമുള്ളതിനാൽ ഹജ്ജ് അനുഷ്ഠിക്കപ്പെടുന്ന ദിവസങ്ങൾ ഇംഗ്ലീഷ് കലണ്ടർ പ്രകാരം വ്യക്തമായി പറയാൻ സാധിക്കില്ല, എങ്കിലും ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ നവംബർ - ജനുവരി മാസങ്ങളിലായിട്ടാണു ഹജ്ജ് കടന്നു വരാർ.


രചന : മിൻഹാജ് മാരിയാട്



# 9. പെരുന്നാൾ ദിനം

പെരുന്നാൾ അരികിൽ എത്തുമ്പോഴേക്കും സന്തോഷം കൂടിക്കൊണ്ടിരിക്കുകയാണ് . തലേദിവസം പെരുന്നാൾ വസ്ത്രങ്ങൾ ഒരുക്കി വെക്കും. പിന്നെ പള്ളിയിൽ നിന്ന് തക്ബീർ മുഴങ്ങും അത് കേൾക്കാൻ വല്ലാത്ത ഒരു രസം തന്നെയാണ്. അന്ന് രാത്രികളിൽ കുടുംബത്തോടൊപ്പം പൂത്തിരികളും പടക്കങ്ങളും പൊട്ടിച്ചു കളിക്കാറുണ്ട്. പെരുന്നാൾ ദിവസത്തേക്കുള്ള സാധനങ്ങൾ അങ്ങാടിയിൽ നിന്ന് വാങ്ങുകയും കടയിൽ നിന്നും മടങ്ങുമ്പോൾ യാദൃശ്ചികമായി കൂട്ടുകാരെ കണ്ടുമുട്ടുകയും അവരോട് പെരുന്നാൾ സന്തോഷം അറിയിക്കുകയും ചെയ്യുമായിരുന്നു. അത് കഴിഞ്ഞാൽ ഉടൻ ഉമ്മയെ സഹായിക്കാൻ തുടങ്ങും. പെരുന്നാൾ ദിവസം നേരത്തെ എഴുന്നേറ്റ് ശരീരത്തിൽ മുഴുവനും എണ്ണ പുരട്ടുകയും ചെയ്യുമായിരുന്നു. അത് കഴിഞ്ഞാൽ കുളിച്ചു പുത്തനുടുപ്പ് ധരിക്കുകയും ഫ്രണ്ട്സിനോട് കൂടെ പള്ളിയിലേക്ക് പോവുകും. നിസ്കാരവും ഖുതുബയും കഴിഞ്ഞു. കബർ സിയാറത്ത് നടത്തി വീട്ടിലേക്ക് മടങ്ങും. ചിക്കൻ ബിരിയാണി കഴിച്ചതിനുശേഷം ബലിയറുക്കുന്നത് കാണാൻ പോവുമായിരുന്നു. സുഹൃത്തുക്കളെ എൻറെ വീട്ടിലേക്ക് കൊണ്ടുപോയി ഉമ്മയുടെ സ്പെഷ്യൽ പായസം അവർക്ക് നൽകും അങ്ങനെ സുഹൃത്തുക്കളുടെ എല്ലാവരുടെയും വീട്ടിലും കയറിയിറങ്ങും. മൂത്താപ്പാൻറെ വീട്ടിലും പോവുമായിരുന്നു തിരിച്ചു ഞങ്ങൾ വീട്ടിലേക്ക് തന്നെ പോകും. അപ്പോഴേക്കും വൈകുന്നേരം ആയിട്ടുണ്ടോ ചിലപ്പോൾ ചെറിയൊരു യാത്ര പോവും.

രചന : സീനാൻ NK



## 10.പെരുന്നാൾ ആവേശം

പെരുന്നാൾ ആ വാക്ക് മനസ്സിന് നല്ല രീതിയിൽ കുളിരേകുന്നു. കാരണം വർഷത്തിൽ രണ്ടുതവണയാണ് പെരുന്നാൾ എന്നത് വിശ്വാസികൾക്ക് ആഘോഷിക്കാനായിട്ടുള്ള ദിവസമായി വരുന്നത്. ഒന്ന് ചെറിയ പെരുന്നാൾ രണ്ട് ബലിപെരുന്നാൾ . പെരുന്നാളിന്റെ തലേദിവസം തന്നെ ആവേശം മനസ്സിൽ വരും. കാരണം അതിനെ വരവേൽക്കാനുള്ള ഒരു പൂതി കൊണ്ട് ആണ്. അനിയത്തിയും അയൽപക്കത്തെ പെൺകുട്ടികളും പള്ളിയിൽനിന്നും തക്ബീർ ധ്വനിയുടെ ശബ്ദം ഉയർന്നാൽ അങ്ങോട്ടുമിങ്ങോട്ടും ഓട്ടമാണ്. കാരണം അവരെ മൊഞ്ചാകുന്നതായ മൈലാഞ്ചി ഇടാനാണ് ആ ഓട്ടം. അത് കാണാൻ നല്ല രസമാണ്. അങ്ങനെ പെരുന്നാൾ ദിവസം നേരത്തെ എണീറ്റ് കുളിച്ച് ചായയും കടിയും കഴിച്ച് നല്ല വസ്ത്രം ധരിച്ച് അത്തറിന്റെ മണമുള്ള ഖത്തറിന്റെ മണ്ണിൽ നിന്നും കൊണ്ടുവന്ന അത്തർ പൂശി ഉപ്പയോട് കൂടെ പള്ളിയിലേക്ക് തക്ബീർ ചൊല്ലിപ്പോവും. അങ്ങനെ നിസ്കാരവും ഖുതുബയും കഴിഞ്ഞ് ബലി പെരുന്നാൾ ആണെങ്കിൽ ബലിയറുക്കുന്നത് കാണാൻ പോകും. അത് കാണാൻ വളരെ രസമാണ് . അത് കണ്ടു കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങും. അപ്പോഴേക്കും ഉമ്മ എല്ലാ ഭക്ഷണങ്ങളും റെഡിയാക്കി വെച്ചിട്ടുണ്ടാവും. വന്ന ഉടനെ തന്നെ എല്ലാരും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കും. അന്ന് സ്പെഷ്യൽ ആയി ഉണ്ടാക്കിയ പായസം അല്ലെങ്കിൽ ജ്യൂസ് കുടിച്ച് കുറച്ചുനേരം വീട്ടിലിരുന്ന് അയൽവക്കക്കാരുടെ വീട്ടിലേക്കും കുടുംബക്കാരുടെ വീട്ടിലേക്കും പോയി വരും. അതെല്ലാം കഴിഞ്ഞ് വീട്ടിലെത്തുമ്പോഴേക്കും വൈകുന്നേരം ആയിട്ടുണ്ടാവും.



വീട്ടിലെത്തിയാൽ വയറിന് ഒരു വിശപ്പാ..... ആ വിശപ്പ് മാറ്റാൻ അന്നത്തെ ഭക്ഷണം കഴിച്ച് കുറച്ചുനേരം വിശ്രമിക്കും. സമയവും ഉപ്പൊക്കെ ഒഴിവുണ്ടെങ്കിൽ മൂത്താപ്പയുടെ വീട്ടിലേക്ക് പോകും. പിറ്റേ ദിവസം തന്നെ പോരും. കാരണം ഇറച്ചി

വീട്ടിൽ കിടക്കുകയല്ലേ.... അങ്ങനെ വരാൻ പാടില്ല. അത് വേവിച്ചു കഴിക്കണം. എന്ന ഒറ്റ ഉദ്ദേശത്തിലാണ് അന്ന് രാവിലെ തന്നെ വീട്ടിലേക്ക് തിരിക്കുന്നത്. വീട്ടിലെത്തിയാൽ അന്ന് ഉച്ചയ്ക്ക് ഉമ്മയുടെ കൈകൾ കൊണ്ട് ഉണ്ടാക്കിയ ഇറച്ചി വിരട്ടിയതും നല്ല വെറും ചോറും മോര് കറിയും ആയിരിക്കും.അങ്ങനെ അന്ന് ലഭിച്ച ഇറച്ചി രണ്ടുമൂന്നു ദിവസം വരെ നീണ്ടുനിൽക്കും. ഇതൊക്കെയാണ് എൻറെ പെരുന്നാൾ ഓർമ്മകൾ. ഇത് മുസ്ലിം മതത്തിൻറെ ആഘോഷമല്ലേ അത് നമുക്ക് ആഘോഷിക്കാം..

രചന: നസീൽ കുഴിഞ്ഞൊളം


---

# 11.ഹജ്ജിന്റെ ശ്രേഷട്ടതയും മഹത്വവും

പരിശുദ്ധ ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ പ്രധാനപ്പെട്ട ഒരു ആരാധനയാണ് വിശുദ്ധ ഹജ്ജ് കർമ്മം. മറ്റ് നാല് കാര്യങ്ങളും പൂർത്തിയാക്കിയാലും കഴിവുള്ളവൻ ഹജ്ജ് നിർവ്വഹിച്ചില്ലെങ്കിൽ അവനിൽ ഇസ്ലാം പൂർത്തിയാവുകയില്ല. അശ്റഫുൽ ഖൽഖായ നബി(സ്വ)യുടെ ശക്തമായ താക്കീത് ഇക്കാര്യത്തിന്റെ ഗൌരവം വ്യക്തമാക്കിത്തരുന്നു. അവിടുന്ന് പറഞ്ഞു: “ഒരാൾ ക്ക് കഅ്ബാ ശരീഫ് വരെ എത്തിച്ചേരുവാനാവശ്യമായ വാഹനം, ഭക്ഷണം ആദിയായ സൌകര്യങ്ങൾ ലഭ്യമായിട്ടും ഹജ്ജ് ചെയ്യാതിരിക്കുന്ന പക്ഷം അവൻ ജൂതനോ നസ്വ്റാണിയോ ആയി മരിക്കുന്നതിന് യാതൊരു തടസ്സവുമുണ്ടാകില്ല” (തിർമുദി). ഇസ്ലാമിലെ മറ്റ് ആരാധനകളെ അപേക്ഷിച്ച് കൂടുതൽ സാഹസം ആവശ്യമായതാണ് ഹജ്ജ്. നിസ്കാരത്തിൽ ശാരീരികാധ്വാനവും മനസാന്നിധ്യവും വിനിയോഗിക്കുന്നു. വ്രതാനുഷ്ഠാനത്തിലാകട്ടെ ശാരീരികാധ്വാനമാണ് പ്രധാനം. സകാത് കർമ്മത്തിൽ ധനവ്യയം മാത്രമേയുള്ളൂ. എന്നാൽ ഹജ്ജ് കർമ്മത്തിൽ ശാരീരിക ത്യാഗം, ധനവ്യയം, മാനസിക സമർപ്പണം എന്നീ മൂന്നു വിഷയങ്ങളും ഒരുമിച്ച് വിനിയോഗിക്കപ്പെടുന്നു. ഇതുപോലെ ഇവ മൂന്നും ഉപയോഗപ്പെടുത്തുന്ന മറ്റൊരു ആരാധനയും ഇസ്ലാമിലില്ല. മറ്റ് ആരാധനകൾക്കൊന്നും പ്രഖ്യാപിക്കപ്പെടാത്ത മഹത്തായ പ്രതിഫലങ്ങളും നേട്ടങ്ങളും വിജയങ്ങളും ഹജ്ജ് കർമ്മത്തിനു ലഭിക്കുമെന്ന് പ്രമാണങ്ങളിൽ വന്നിരിക്കുന്നു. മഹാനായ നബി(സ്വ) പറഞ്ഞു: “മബ്റൂറായ ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമില്ല”. “അനാവശ്യവും പാപവും കലരാതെ ഹജ്ജ് നിർവ്വഹിച്ചാൽ ഉമ്മ പ്രസവിച്ച നാളിലെ വിശുദ്ധി പോലെ പാപങ്ങളിൽ നിന്ന് വിമുക്തമാകുന്നതാണ്”. “ഹജ്ജ് കർമ്മം അതിന് മുമ്പ് വന്നുപോയ സർവ്വ പാപങ്ങളും തകർത്ത് കളയുന്നതാണ്”. സ്ത്രീകളുടെ ജിഹാദ് സ്ത്രീകളെ സംബന്ധിച്ചിടത്തോളം ജിഹാദിന് സമാനമാണ്. ഹജ്ജ് കർമ്മമെന്ന് പ്രവാചകർ പഠിപ്പിച്ചിട്ടുണ്ട്. ബീവി ആഇശ(റ)യുടെ ഒരു ചോദ്യത്തിനുത്തരമായി അവിടുന്ന് പറയുകയുണ്ടായി. “ഞാൻ ചോദിച്ചു. അല്ലാഹുവിന്റെ തിരുദൂതരേ, സ്ത്രീകൾക്ക് ജിഹാദ് ബാധ്യതയുണ്ടോ?” അവിടുന്ന് പറഞ്ഞു: “അവർക്ക് പോരാട്ടമില്ലാത്ത ജിഹാദാണുള്ളത്. ഹജ്ജും ഉംറയും.” “മുഴുവൻ ദുർബലർക്കുമുള്ള ജിഹാദാകുന്നു ഹജ്ജ്.” “മറ്റ് ആരാധനകളുടെയും ഹജ്ജിന്റെയും ശ്രേഷ്ഠതാവ്യത്യാസം ഉദയസ്ഥാനത്തിന്റെയും അസ്തമയ സ്ഥാനത്തിന്റെയും ഇടയിലുള്ള വ്യത്യാസം പോലെയാണ്”. “ഹാജിമാരും ഉംറക്കാരും

അല്ലാഹുവിന്റെ വിരുന്നുകാരാണ്. അവരെ അവൻ വിളിച്ചുവരുത്തിയതാണ്. അവർ വല്ലതും ചോദിച്ചാൽ അവൻ സ്വീകരിക്കും. പശ്ചാതപിച്ചാൽ പൊറുത്തുകൊടുക്കും". "ഹാജിക്കും ഹാജി ആർക്കുവേണ്ടി പ്രാർഥിക്കുന്നുവോ അവർക്കും അല്ലാഹു പൊറുത്തുകൊടുക്കും".

ഹജ്ജ് ചെയ്യുന്നവൻ തന്റെ കുടുംബത്തിലെ നാനൂറ് പേർക്ക് ശിപാർശ നടത്തിയാൽ സ്വീകരിക്കപ്പെടും. "ഏറ്റവും ശ്രേഷ്ഠമായ ആരാധന ഏതാണെന്ന് നബി(സ്വ)യോട് ചോദിക്കപ്പെട്ടു. അവിടുന്ന് പറഞ്ഞു: അല്ലാഹുവിലും തിരുദൂതരിലുമുള്ള വിശ്വാസം, പിന്നീട് അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദ്, പിന്നീട് മബ്റൂറായ ഹജ്ജ്".




പരിശുദ്ധ ഹജ്ജിന്റെ ശ്രേഷ്ഠതയും മഹത്വവും വിവരിക്കുന്ന നിരവധി നബിവചനങ്ങളിൽ നിന്ന് ചിലതാണ് മുകളിലുദ്ധരിച്ചത്. ഹജ്ജ് സംബന്ധമായ വിവിധ കൽപ്പകളും നിയമങ്ങളും വിശുദ്ധ ഖുർആൻ പ്രസ്താവിച്ചിരിക്കുന്നു. സൂറത്തുൽ ബഖറയിൽ പറയുന്നു:

"അല്ലാഹുവിനുവേണ്ടി നിങ്ങൾ ഹജ്ജും ഉംറയും പൂർത്തീകരിക്കുവീൻ". സൂറഃ അൽബഖറയിൽ അല്ലാഹു വീണ്ടും പറയുന്നു: "ഹജ്ജിന്റെ സമയം അറിയപ്പെട്ട ചില മാസങ്ങളാകുന്നു. ആ മാസങ്ങളിൽ ഹജ്ജിനെ ആര് അനുഷ്ഠിക്കുന്നുവോ, സംയോഗമോ പാപങ്ങളോ തർക്കമോ ഹജ്ജിൽ പാടുള്ളതല്ല. നിങ്ങൾ നിർവ്വഹിക്കുന്ന ഏതൊരു പുണ്യവും അല്ലാഹു അറിയും. നിങ്ങൾ യാത്രക്കുള്ള ഭക്ഷണ സാധനങ്ങൾ സജ്ജമാക്കുവീൻ. എന്തെന്നാൽ ഭക്ഷണ സാധനങ്ങളിൽ ഏറ്റവും ഉത്തമമായത് ജനങ്ങളോട് യാചിക്കാതെ സ്വയം പര്യാപ്തത വരുത്തുന്ന ഒന്നാകുന്നു. ബുദ്ധിമാന്മാരെ നിങ്ങൾ എനിക്ക് തഖ്വ ചെയ്യുവിൻ". സൂറഃ ആലു ഇംറാനിൽ അല്ലാഹു പറയുന്നു: "കഅ്ബാ ശരീഫിലെത്തി ഹജ്ജ് ചെയ്യാൻ കഴിവു ലഭിച്ച ഏതൊരാൾക്കും ഹജ്ജ് ചെയ്യൽ നിർബന്ധമാകുന്നു. ആരെങ്കിലും കൽപ്പന ലംഘിച്ചാൽ അല്ലാഹു അവന്റെ സൃഷ്ടികളിൽ നിന്നും നിരാശ്രയനാകുന്നു". മഹാനായ തിരുനബി(സ്വ) ഹജ്ജ് കർമ്മത്തിന്റെ മഹത്വം വാചാ പഠിപ്പിക്കുകയും അതിന്റെ പ്രവർത്ത ന രൂപം കർമണാ മനസ്സിലാക്കിത്തരികയും ചെയ്തു. അവിടത്തെ വിടവാങ്ങൽ പ്രസംഗം നടത്തിയ ഹജ്ജ് വേളയിൽ ഇപ്രകാരം പറഞ്ഞു: "ജനങ്ങളേ, നിങ്ങളുടെ ഹജ്ജ് കർമ്മത്തിന്റെ വിധിവിലക്കുകൾ എന്നിൽ നിന്നും നിങ്ങൾ സ്വീകരിക്കുവീൻ". മബ്റൂറായ ഹജ്ജ് ഹജ്ജിന്റെ പ്രതിഫലം വിവരിക്കുന്ന പല നബിവചനങ്ങളിലും ഹജ്ജും മബ്റൂർ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. 'സംശുദ്ധമായ ഹജ്ജ്' എന്ന ഈ പ്രയോഗം കൊണ്ടുള്ള വിവക്ഷ കുറ്റങ്ങളും കുറവുകളും കലരാത്ത സ്വീകാര്യമായ ഹജ്ജ് എന്നാണ്.

രചന: അനസ് മൈത്ര

# 12 . ഉള്ഹിയ്യത്ത്

ബലിപെരുന്നാളിന് ഉള്ഹിയ്യത്ത് അറുക്കാൻ നേർച്ചയാക്കിയ മൃഗത്തെ കൃത്യമായി നിർണയിച്ചു കൊണ്ട് നേർച്ചയാക്കിയ മൃഗം ആണെങ്കിലും അവന്റെ വീഴ്ച കൊണ്ട് ന്യൂനത പ്രശ്നമില്ല. അമൃഗത്തെ തന്നെ അറു ക്കേണ്ടതാണ്. അതിനെ അറുക്കുന്നത് കൊണ്ട് ആ നേർച്ച വീടുകയും ഉള്ഹിയ്യത്ത് ലഭിക്കുകയും ചെയ്യും. എന്നാൽ ആ മൃഗത്തെ കൃത്യമായി നിർണയിക്കാതെ നേർച്ചയാക്കുകയും നേർച്ചക്ക് വേണ്ടി മൃഗത്തെ വാങ്ങുകയും ചെയ്തതാണെങ്കിൽ പ്രസ്തുത മൃഗത്തിൻറെ ന്യൂനത വാങ്ങിയതിനു ശേഷം ഉണ്ടായതാണെങ്കിലും



പ്രശ്നമാണ്. അതിനെ അറുക്കുന്നത് കൊണ്ട് മതിയാകുന്നതല്ല. അതല്ലാത്ത മറ്റൊരു മൃഗത്തെ അറുക്കേണ്ടതാണ്. അപ്രകാരം തന്നെ സുന്നത്തായി ഉദ്ദേശിച്ചു വാങ്ങിയ മൃഗത്തെ വാങ്ങുമ്പോൾ ഉള്ള ന്യൂനതയും പിന്നീട് ഉണ്ടായ ന്യൂനതയും ഉളഹിയത്തിന് തടസ്സമാണ്. അതിനെ അറുത്താൽ ഉള്ഹിയ്യത്ത് ലഭിക്കുകയില്ല

ഉള്ഹിയ്യത്ത് മാംസം അഹ്ലു ബൈത്തിന് നൽകാൻ പറ്റില്ല എന്ന് നിരുപാധികം പറയുന്നത് ശരിയല്ല. ഇക്കാര്യത്തിൽ വിശദീകരണം ഉണ്ട് നിർബന്ധമായ ഉള്ഹിയ്യത്ത് മുഴുവനും സകാത്തിന് അവകാശികളായ ദരിദ്രർക്ക് നൽകൽ നിർബന്ധമാണ്. അതിനാൽ നിർബന്ധ ഉള്ഹിയ്യത്തിൽ നിന്ന് അഹിലുബൈത്തിൻ നൽകൽ പറ്റില്ല. അഹിലുബൈത്ത് സക്കാത്തിന് അവകാശികൾ അല്ലല്ലോ . എന്നാൽ സുന്നത്തായ ഉള്ഹിയ്യത്ത് മുഴുവനും സക്കാത്തിന് അർഹരായ ദരിദ്രർക്ക് നൽകൽ നിർബന്ധമില്ല. നിസ്സാരമല്ലാത്ത അല്പമെങ്കിലും അവർക്ക് നൽകണമെന്ന് ഉള്ളൂ. ബാക്കിയുള്ളത് മറ്റുള്ളവർക്ക് നൽകൽ അനുവദനീയമാണ് . അതിനാൽ സുന്നത്തായ ഉള്ഹിയ്യത്ത്ത്തിൽ നിന്ന് അഹ്ലുബൈത്ത് അല്ലാത്ത ദരിദ്രർക്ക് നൽകണമെന്ന് മാത്രമുള്ള. അറവിനന്റെ സമയം പൂർണ്ണമായും ചൊല്ലൽ സുന്നത്താണ് .പൂർണ്ണമായിട്ടും ചൊല്ലാൻ പാടില്ല എന്ന് നിങ്ങൾ കേട്ടത് ശരിയല്ല . ഇമാം ഇബ്നു ഹജർ (റ) എഴുതുന്നു: അറവിന്റെ സമയം ബിസ്മി ചൊല്ലൽ സുന്നത്താണ് 'ബിസ്മില്ലാഹി റഹ്മാനി റഹീം' എന്ന് ചൊല്ലലാണ് ഏറ്റവും ഉത്തമം. മൃഗത്തെ അറുത്ത് ഭക്സിക്കൽ അനുവദിച്ചത് മൃഗത്തിന് കാരുണ്യമുണ്ട് . അതിനാൽ അറിവിന്റെ സമയം റഹ്മത്തിനെ കുറിച്ച് പറയുന്നത് ഉചിതമല്ല എന്ന ധാരണ ശരിയല്ല.

രചന : സുഫിയാൻ രാമനാട്ടുകര



# 13. വലിയ പെരുന്നാൾ

നിസ്കാരം കഴിഞ്ഞ ശേഷം ഖുർആൻ ഓതുമ്പോഴാണ് വർഷത്തിൽ രണ്ടുതവണ മാത്രം മുഴക്കുന്ന ശബ്ദം മുഴങ്ങിയത് സന്തോഷത്തോടെ ആഹ്ളാദഹിച്ചു നാളെ പെരുന്നാൾ ഉറപ്പായി ഞങ്ങൾ പടക്കങ്ങൾ പൊട്ടിച്ചു എന്നിട്ട് ഇശാ നിസ്കാരത്തിനു വേണ്ടി പള്ളിയിലേക്ക് പോയി നിസ്കാരം കഴിഞ്ഞ ശേഷം കുറച്ചു തക്ബീർ ചൊല്ലിയശേഷം സന്തോഷത്തോടെ വീട്ടിലേക്ക് തന്നെ മടങ്ങി എന്നിട്ട് വീട്ടിൽ നിന്ന് നല്ല ഭക്ഷണം കഴിച്ചു . അന്ന് വീട്ടിൽ ചോറും സാമ്പാറും മീൻ പൊരിച്ചതും ഒക്കെ ഉണ്ടായിരുന്നു എന്നിട്ട് അലാറം വെച്ച് കിടന്നുറങ്ങി പിറ്റേദിവസം രാവിലെ നേരത്തെ എണീറ്റു പല്ലുതേച്ചു പിന്നെ നല്ല പാൽ ചായയും ബിസ്ക്കറ്റും കഴിച്ച് സുബ്ഹിക്ക് പള്ളിയിലേക്ക് പുറപ്പെട്ടു നിസ്കാരം കഴിഞ്ഞ ശേഷം വീട്ടിലേക്ക് ചെന്നിട്ട് കുളിച്ചു പുതിയ വസ്ത്രം അണിഞ്ഞു വാച്ച് ധരിച്ച് ഉമ്മയോട് സലാം പറഞ്ഞു പള്ളിയിലേക്ക് പുറപ്പെട്ടു നിസ്കാരം 7 മണിക്കായിരുന്നു ചെറിയൊരു മധുരം കിട്ടി . കുറച്ചു കഴിഞ്ഞപ്പോൾ എല്ലാവരും തക്ബീർ ചൊല്ലുന്നത് കേട്ട് ഉള്ഹിയ്യത്ത് അറക്കുകയാണ് ഉറപ്പാക്കി എന്നിട്ട് പുറത്തേക്ക് പോയിനോക്കി രണ്ട് പോത്ത് ആയിരുന്നു ഉണ്ടായിരുന്നത് . ശേഷം താറാവാട്ടിലേക്ക് പോയി അവിടെ പച്ചക്കറി ബിരിയാണിയും കോഴി കടായിയും കഴിച്ചു എന്നിട്ട് ഉമ്മൂമ്മയുടെയും കുടുംബക്കാരുടെയും കബറിങ്ങൽ പോയി യാസീൻ ഓതി ദുആ ചെയ്തു തിരിച്ചു പോന്നു അപ്പോഴേക്കും ഉമ്മച്ചി ജ്യൂസ് അടിച്ച് വച്ചിരുന്നു ക്യാരറ്റ് ജ്യൂസ് ആയിരുന്നു അന്ന് ഉണ്ടായിരുന്നത് കുറച്ച് വിശ്രമിക്കാൻ ഒരുങ്ങിയപ്പോഴേക്കും= എൻറെ കൂട്ടുകാർ വന്നു എന്നിട്ട് ഞങ്ങൾ ഉസ്താദിൻറെ വീട്ടിലേക്ക് പോയി. പിന്നെ കുറച്ച് കൂട്ടുകാരുടെ വീട്ടിലും പോയി എന്നിട്ട് വീട്ടിൽ എത്തിയപ്പോഴേക്കും രണ്ട് മണി ആയിരുന്നു. എന്നിട്ട് നിസ്കരിച്ചതിന് ശേഷം കുറച്ച് നേരം ഉറങ്ങി കുറച്ച് സമയം കഴിഞ്ഞപ്പോൾ ഉമ്മ എന്നെ വിളിച്ചു ഉമ്മയുടെ വീട്ടിൽ പോകാൻ ആയിരുന്നു എന്നെ വിളിച്ചത് . എന്നിട്ട് ഞങ്ങൾ ഉമ്മയുടെ വീട്ടിൽ പോകാൻ വേണ്ടി ഒരുങ്ങുകയാണ് അപ്പോൾ ആണ് ഉമ്മയുടെ വീട്ടുകാർ ഞങ്ങളുടെ വീട്ടിലെത്തിയത് ഞങ്ങൾ അവർക്ക് ജ്യൂസും ഭക്ഷണവും കൊടുത്ത് ശേഷം അവരും ഞങ്ങളും ഞങ്ങളുടെ മൂത്തമ്മയുടെ വീട്ടിലേക്ക് പോയി ഞങ്ങൾ അവിടെ എത്തിയപ്പോഴേക്കും വൈകുന്നേരം ആയിരുന്നു . എന്നിട്ട് അവിടുന്ന് കുറേ നേരം കളിച്ചും രസിച്ചും അവിടെ നിന്നു. പിന്നെ രാത്രി ഭക്ഷണം കഴിച്ച് 12 മണി ആയപ്പോഴാണ് ഞങ്ങൾ വീട്ടിലേക്ക് തിരിച്ച് വന്നത് എന്നിട്ട് കിടന്നുറങ്ങി.

രചന : അമീൻ തനിയമ്പുറം



# 14.ബലിദാനത്തിന്റെ പൊരുൾ

ഇസ്ലാമിലെ ആരാധനകളിൽ അതി മഹത്തായ ഉള്ഹിയ്യത്ത് ഖുർആൻ. സുന്നത്ത് ഇജ്മാഅ എന്നീ പ്രമാണങ്ങൾ കൊണ്ട് സ്ഥിരപ്പെട്ടതാണ് ഇസ്ലാമിനെ മുമ്പുള്ള സമൂഹങ്ങളിലും പോന്നിട്ടുണ്ട് . മനുഷ്യബലി വിഗ്രഹത്തിന്റെ പേരിലുള്ള ബലി തുടങ്ങിയ നീച്ചവും പ്രകൃതിവിരുദ്ധവുമായ ബലിദാനങ്ങളെ മരണയിൽ സമർപ്പണബോധത്തോടെ നിർവഹിക്കേണ്ട ഉത്തമ കർമ്മമാണ് . വലിയ ഉദ്ദേശിച്ചും ആണ് ഇസ്ലാം ഉള്ഹിയ്യത്ത് മതകീയമാക്കിയത്

സൂറത്തുൽ ഹജ്ജിന്റെ 34 വചനത്തിൽ ഈ ആശയം ബോധിപ്പിക്കുന്നുണ്ട് അല്ലാഹുവിൻറെ ഉള്ഹിയത്തിൽ വിശ്വസിക്കുന്ന ബലികർമ്മം ഫലപ്രദമാവുക എന്ന് കൂടി ഖുർആൻ പറഞ്ഞുവെക്കുന്നുണ്ട് .അല്ലാഹുവിൻറെ ചിഹ്നങ്ങൾ (ശആഇറുല്ലാഹി ) എന്നാണ് ബലി മൃഗങ്ങളെ വിശേഷിപ്പിക്കുന്നത് . സൂറത്തുൽ ഹജ്ജിന്റെ 37 വചനത്തിൽ നിന്ന് അല്ലാഹുവിൻറെ ചിഹ്നങ്ങളുടെ താൽപര്യം ബോധ്യപ്പെടും. ബലി മൃഗങ്ങളുടെ മാംസങ്ങളോ രക്തങ്ങളോ അല്ലാഹുവിന് ലഭിക്കുന്നില്ല മറിച്ച് നിങ്ങളിൽ നിന്നുള്ള തഖ്‌വയാണ് അവനിലേക്ക് എത്തുന്നത്. കേവലം ചില അടയാളങ്ങൾ മാത്രമാണ് അവയുടെ ബലിയിലൂടെ നേടിയെടുക്കുന്നത് . സൂക്ഷ്മതയാണ് പ്രധാന ലക്ഷ്യം . വൈകാരികവും ആനന്ദകരവുമായ തൻറെ വികാരങ്ങളെല്ലാം മാറ്റിവെച്ച് റമളാനിൽ വിശ്വാസി ആവാഹിച്ചെടുത്ത സൂക്ഷ്മത നോമ്പിന്റെ പ്രതിഫലമായി ഖുർആൻ പരിചയപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തന്നെ ജീവിതവും മരണം അടുക്കും എല്ലാമെല്ലാം അള്ളാഹുവിന് സമർപ്പിച്ചു കൊണ്ടുള്ള ജീവിത വിശുദ്ധിയാണ് ഉള്ഹിയത്തിലൂടെ ഇസ്ലാം ലക്ഷ്യമാക്കുന്നത്.ഉള്ഹിയ്യത്ത് അറുക്കാൻ ഏറ്റവും നല്ലത് ഒട്ടകമാണ് . ഒരു ഓഹരിയിൽ ഒന്നിലധികം ഉദ്ദേശങ്ങൾ പാടില്ല ഉള്ഹിയ്യത്ത് ഉദ്ദേശിച്ചവർ ദുൽഹിജ്ജ പിറന്നശേഷം നഖവും മുടിയും മുറിക്കാതിരിക്കാൻ സുന്നത്തുണ്ട്. ഉള്ഹിയ്യത്ത് കർമ്മം പ്രധാനപ്പെട്ട സുന്നത്താണെന്നാണ് ഷാഫി പക്ഷം . എന്നാൽ നിർബന്ധമാണെന്നാണ് ഇമാം അബു ഹനീഫ നിരീക്ഷിച്ചിട്ടുള്ളത്. വലിയ പെരുന്നാൾ ദിനത്തിലെ ഏറ്റവും പ്രതിഫലാർഹവും പുണ്യകരവുമായ കർമ്മമാണ് ഉള്ഹിയ്യത്തിനെ

തിരുവചനങ്ങൾ പഠിപ്പിച്ചിട്ടുള്ളത് വലിയ പെരുന്നാൾ ദിനത്തിൽ ബലി കർമ്മത്തേക്കാൾ പുണ്യകരമായ ഒന്നും മനുഷ്യന് ചെയ്യുന്നില്ല തുർമുദി ഇമാം രേഖപ്പെടുത്തി.  നല്ല മനസ്സോടെ പ്രതിഫലം ആഗ്രഹിച്ചു നിർവഹിച്ചാൽ അത് നരകത്തെ തടയുന്നതാണ് അതുകൊണ്ട് നിങ്ങളുടെ ഉള്ഹിയ്യത്ത് മൃഗത്തെ നിങ്ങൾ നന്നാക്കുക അത് നിങ്ങൾക്ക് സിറാത്ത് കടക്കാനുള്ള വാഹനമാണ്.  ബലി മൃഗത്തിന്റെ ആദ്യ രക്തത്തുള്ളി ഭൂമിയിൽ പതിക്കുന്നതോടെ അവൻറെ മുഴുവൻ ദോഷങ്ങളും പൊറുക്കപ്പെടും.  ബലി മൃഗത്തിന്റെ മാംസവും രക്തവും എല്ലാം 70 ഇരട്ടിയായി മീസാനിൽ കൊണ്ടുവരുമോ ഹദീസിൽ കാണപ്പെടുന്നു സൗകര്യമുണ്ടായിട്ടും ഉള്ഹിയ്യത്ത് നിർവഹിക്കാത്തവൻ എൻറെ മുസല്ലയോട് അടുക്കരുതെന്ന് തിരുവചനത്തിൽ ഉള്ഹിയ്യത്തിന്റെ ഗൗരവം വെളിപ്പെടുത്തുന്നുണ്ട്.

രചന : ശിഫിൻ അത്താണിക്കൽ



## 15.മുസ്ലിമിന്റെ പെരുന്നാൾ

മുസ്ലിമിൻറെ ജീവിതക്രമീകരിക്കുന്നതിലും വിളംബരം ചെയ്യുന്നതിലും മതത്തിലെ ആഘോഷങ്ങൾക്കുള്ള സ്ഥാനം വലുതാണ്. മറ്റു സമൂഹങ്ങൾ ഒരു പതിവരെ പരിധിവരെ മാനസിക ഉല്ലാസങ്ങളെയും ജീവിത രീതിയെയും വിലയിരുത്തുന്നത് നമ്മുടെ ആഘോഷങ്ങളിലൂ ടെയാണ് . അതിൽ പ്രധാനമായും പെരുന്നാൾ അതുകൊണ്ട് തന്നെ. മുസ്ലിം സ്വത്വം അടയാളപ്പെടുത്തുന്നതാണോ പുതിയകാലത്തെ ആഘോഷങ്ങൾ ഒരു യാഥാർത്ഥ ആലോചിക്കേണ്ടതുണ്ട്. ലോകമെമ്പാടുമുള്ള വിശ്വാസികളുടെ പ്രതിനിധികൾ തന്നെയാണ് പെരുന്നാൾ ഓർമ്മകളെ വിപുലപ്പെടുത്തുന്നത് അഥവാ വിശ്വാസിയുടെ ബലിപെരുന്നാൾ ആഘോഷത്തിൽ ഹജ്ജിലേർപ്പെട്ട സഹോദരങ്ങളോടുള്ള ഐക്യദാർ ഢ്യവും പ്രാർഥനയും നിറഞ്ഞുനിൽകുന്നുണ്ടെന്ന അർഥം .



ആരാധനകളും സാംസ്കാരിക മൂല്യങ്ങളും ഒന്നിച്ചു ചേരുമ്പോഴാണ്

പെരുന്നാൾ ആഘോഷം പൂർണമാകുന്നത് പെരുന്നാൾ നിസ്കാരവും തക്ബീറികളും വലിയ കർമ്മവും പെരുന്നാളിന്റെ ആത്മീയതയെ സന്തുഷ്ടമാക്കുമ്പോൾ സുഭിക്ഷമാക്കിയ അന്നപാനിയങ്ങളും പുതുവസ്ത്രവും സ്വദക്കകളും ആശംസ കൈമാറ്റ അതിൻറെ സാംസ്കാരിക തലത്തെ സമ്പന്നമാക്കുന്നു . അല്ലാഹുവിൻറെ പ്രീതിയും പരലോക രക്ഷയും ആഘോഷങ്ങളുടെ ഇസ്ലാമിന്റെ ആത്യന്തിക ലക്ഷ്യം. സുഭിക്ഷമായ ആഹാരം ഉണ്ടാക്കുന്നതും നല്ല വസ്ത്രം ധരിക്കുന്ന സുഗന്ധം ഉപയോഗിക്കുന്നതും സന്തോഷം പങ്കുവെക്കുന്നതുമെല്ലാം ഈ ലക്ഷ്യത്തിന് വേണ്ടിയാകുമ്പോൾ ആരാധനയുടെയും ഇരുലോക വിജയത്തിന്റെയും ഭാഗമാകുന്നു അവ. വലിയ പെരുന്നാൾ ലോക മുസ്ലീങ്ങളുടെ ആഘോഷമാണ്. പ്രവാചകനായ ഇബ്രാഹിം നബി (അ)തന്റെ ആദ്യത്തെ പുത്രനായ ഇസ്മാഇൽ (അ)നെ അല്ലാഹുവിന്റെ കല്പന മാനിച്ച് അല്ലാഹുവിൻ്റെ പ്രീതിക്കായി ബലിയറുക്കാൻ ശ്രമിച്ചതിന്റെ ഓർമ പുതുക്കലാണ് ബലി പെരുന്നാൾ. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ടാണ് പെരുന്നാളിന് ബലി പെരുന്നാൾ എന്ന് പേരു വന്നത്. ഇബ്രാഹിം നബി (അ)യുടെ അടിയുറച്ച വിശ്വാസത്തിന്റെ പ്രതീകമാണ് ബലി പെരുന്നാൾ എന്നാണ് ഇസ്ലാമിക വിശ്വാസം. ഇതിന്റെ പ്രതീകമായി മുസ്ലിം മത വിശ്വാസികൾ അന്നേദിവസം അല്ലാഹുവിന്റെ പ്രീതിക്കായി മൃഗങ്ങളെ ബലി നടത്താറുണ്ട്.

രചന : ഉമറുൽ ഫാറൂക്ക് തവനൂർ

# 16. ലാസ്റ്റ് ലെവൽ

മോനേ ഈ ചോറൊന്ന് കഴിക്ക്. എത്ര നേരമായി നിന്നോട് പറയുന്നു. അടുക്കളയിലെ പാത്രങ്ങൾ കഴുകുന്നതിനിടെ അമ്മ മകനെ ശകാരിച്ചു പറഞ്ഞു.

"ഈ ലെവൽ കൂടി കംപ്ലീറ്റ് ആക്കട്ടെ... ജസ്റ്റ് വെയിറ്റ് മമ്മീ.."സിറ്റൗട്ടിൽ നിന്നും ഫ്രീ ഫയർ ഗൈമിൽ നട്ട കണ്ണും കയ്യുമെടുക്കാതെ അവൻ പിറുപിറുത്തു.

സഹി കെട്ടൊടുവിൽ അമ്മ വന്ന് അവനെ ചെവി പിടിച്ചു തീൻ മേശയിലിരുത്തി.ദേഷ്യത്തോടെ ഫോൺ വാങ്ങി ബെഡിലക്കേറിയുമ്പോഴാണ് അവന്റെ കണ്ണു രണ്ടും ചുവന്ന് ക്ഷീണിച്ചിരിക്കുന്നത് ശ്രദ്ധിച്ചത്. അമ്മയുടെ നോട്ടത്തിൽ പന്തിയില്ലെന്ന് കണ്ട് ഒന്ന് ചൂളിപ്പോയി.

"അമ്മേ കണ്ണ് വേദനിക്കുന്നു,നല്ല തലവേദന"

"മിണ്ടിപ്പോകരുത് നാല്പത്തിയെട്ട് മണിക്കൂറും ഫോണും പിടിച്ചു വെടി വെച്ച് കളിച്ചാ പിന്നെ വയറു വേദന വരുമോ"

അമ്മയുടെ ചുട്ട കമന്റ് കേട്ട് തിന്ന ചോറ് മുഴുവൻ ഒറ്റയടിക്ക് ദഹിച്ചു പോയി.

മുറ്റത്ത് ഓട്ടോ വന്നിരിക്കുന്നു. ബാഗുമെടുത്ത് അമ്മ വന്നു. കണ്ണാശുപത്രിയുടെ മുന്നിൽ ടുർ..ടുർ റിക്ഷ ബ്രേക്കിട്ടു.അമ്മ ആദ്യം ഡോക്ടറുടെ റൂമിൽ കയറി. ഒരു മിനിറ്റ് കഴിഞ്ഞ് അവനും.

അകത്ത് ഡോക്ടർ സഗൗരവം ഇരിക്കുന്നു. ടോർച്ചും ലെൻസും പിടിച്ച് കണ്ണ് തിരിച്ചും മറിച്ചും നോക്കിപ്പറഞ്ഞു."സംഗതി അല്പം സീരിയസ് ആണ്.സ്മാർട്ട് ഫോണിലെ നീല രശ്മികൾ കാഴ്ച ശക്തിയെ സാരമായി ബാധിച്ചിട്ടുണ്ട്.നാലു മാസം മൊബൈലിന്റെ വെളിച്ചമേ കാണാൻ പാടില്ല. കണ്ടാൽ പിന്നെ കാഴ്ച്ച നഷ്ടപ്പെടും

തീർച്ച... പിന്നെ ഓപ്പറേഷൻ പോലും വിഫലം... "

ഡോക്ടറുടെ മുറി വിട്ടറങ്ങുമ്പോൾ അമ്മക്ക് ഒരായിരം ആശ്വാസങ്ങൾ. അവനോ നൂറായിരം പേടിയും ഒപ്പം ലാസ്റ്റ് ലെവൽ കംപ്ലീറ്റ് ആക്കാത്തതിലുള്ള അരിശം പൂണ്ട വിഷമവും...

ഒടുവിൽ അവന്റെ ഗെയിം അഡിക്ഷൻ എന്നെന്നേക്കുമായി തീർന്നുവെന്ന് പറഞ്ഞാൽ മതിയല്ലോ...

ശുഭം...ഹ .....

രചന : യാസീൻ റസ കുഴിമണ്ണ

(പൂർവ വിദ്യാർഥി )



## 17 . ഹജ്ജ് സവിശേഷതകളുടെ സംഗമം

ഇസ്ലാമിന്റെ അഞ്ചാമത്തെ റുക്നും മുസൽമാന് ജീവിതത്തിലൊരിക്കൽ മാത്രം അതും മറ്റാരാധനകൾക്കില്ലാത്ത നിബന്ധനകളോടെ നിർബന്ധമായ ആരാധനയുമാണ് ഹജ്ജ്. ശരീരവും വഴിയും സുരക്ഷിതമായതോട് കൂടി ആവശ്യമായ സാമ്പത്തികശേഷിയും നിബന്ധനയാക്കിയാണ് ഹജ്ജിനെ വിശുദ്ധ ഖുർആനും റസൂൽ(സ)യും റുക്നായി എണ്ണിയത്. അതുകൊണ്ടുതന്നെ സാധാരണക്കാരനെ കണക്കിലെടുക്കാത്ത ഒരു സാമൂഹ്യ കടമയായി അതിനെ വിലയിരുത്തപ്പെടുകയാണ്. മറ്റ് ആരാധനകളെ പോലെയോ അതിലധികമോ ആത്മീയശുദ്ധിയും ശാരീരികവും മറ്റ് വിധേനയുമുള്ള ഔന്നത്യവുംഹജ്ജ് കർമ്മം നിദാനമായി കാണുന്നു. അന്യോന്യമുള്ള ഇടപാടുകളിൽ നിന്നെല്ലാം മുക്തമായ ഒരു നവ ജീവിതമാണ് ഹജ്ജിന്റെ പ്രധാനമൂല്യമായി കാണുന്നത്. മാനുഷിക ബന്ധങ്ങളെല്ലാം ഒഴിവാക്കി വിനയാന്വിതനായി റബ്ബിന്റെ സാന്നിധ്യത്തിൽ ലയിച്ചു ചേരുന്ന ഒരു സംവിധാനം ഹജ്ജ് പോലെ സാധാരണക്കാരന് വേറെയില്ല. അതേസമയം സൃഷ്ടികളോടുള്ള ബഹുമാനാദരവും മാനവസമൂഹത്തിന്റെ ഐക്യബോധവും ഊട്ടിയുറപ്പിക്കാനുതകുന്ന മറ്റൊരു വേദിയും വേറെയില്ല.

സൽസ്വഭാവവും നിസ്വാർഥതയും വിനയവും ഉൾക്കൊള്ളാൻ പ്രേരിതമാകുന്നതിന് പുറമെ പൂർവ്വിക ത്യാഗസ്മരണ ഉത്തേജിപ്പിക്കുന്നതാണ് അതിലെ കർമ്മങ്ങളത്രയും. വിവരമില്ലാത്ത ചിലർ ത്വവാഫി ലും കല്ലേറിലും മറ്റും തിക്കും തിരക്കുമുണ്ടാക്കി സ്വയം കുറ്റമേറ്റെടുക്കുന്നുണ്ടെങ്കിലും സ്വാർത്ഥത കൈവെടിഞ്ഞ് എല്ലാവർക്കും സ്വച്ഛന്ദം ഇബാദത്തുകൾ

നിർവഹിക്കണമെന്ന ബോധമാണ് ഇസ്ലാം അങ്കുരിപ്പിക്കുന്നത്. തിക്കും തിരക്കും ഒഴിവാക്കാനായി സുന്നത്തായി നിർവ്വഹിക്കേണ്ട പല കാര്യവും ഇളവുചെയ്യാൻ ഇസ്ലാം പ്രേരിപ്പിക്കുന്നു. ഉദാഹരണത്തിന് ഹജറുൽ അസ്വദ് ചുംബിക്കൽ, കഅ്ബയുടെ സാമീപ്യം മുതലായ പലസുന്നത്തുകളും അന്യോന്യം വിഷമമുണ്ടാകുമെന്ന് കാണുമ്പോൾ ഒഴിവാക്കാനും പകരം ആംഗ്യം വഴിയും മറ്റും ശാന്തമായി നിർവഹിക്കാനും അതുവഴി സമസൃഷ്ടിസ്നേഹവും നിസ്വാർഥതയും പ്രകടമാക്കാനും നിർദേശിക്കപ്പെടുന്നു. അതേസമയം വിഷമങ്ങൾ അനുഭവിക്കലും സാധാരണ ജീവിതശീലം പരിത്യജിക്കലും ആവശ്യമായി



വരുന്നതിനാൽ നിബന്ധനകളൊത്ത ഒരു വ്യക്തി ഹജ്ജ് നിർവഹിക്കാതെ മരണപ്പെടാനിടയായാൽ ജൂതനായി മരിക്കുന്നതിനോടാണ് റസൂൽ(സ്വ) സാദൃശ്യപ്പെടുത്തിയത്. ഇമാം അഹ്മദ്, തിർമുദി മുതലായവർ റിപ്പോർട്ടുചെയ്ത ഹദീസുകളിൽ ഇക്കാര്യം കാണാം.

രചന: നജാഹ് അരീകോട്



## 18. സൻആയിലെ പണ്ഡിതൻ

അഹമദുബ്നു ഹമ്പൽ(റ) വിന് ഒരു കൂട്ടുകാരനുണ്ട് പേര് യഹ്യ ബ്നു മുഈൻ ബഗ്ദാദിന്റെ തെരുവുകളിൽ അവർ ഒന്നിച്ചു നടക്കും ഉള്ള് തുറന്നു സംസാരിക്കും ഇരുവരും ഇൽമിനെ സ്നേഹിക്കുന്നു വിദ്യ നേടാൻ വേണ്ടി എത്ര ബുദ്ധിമുട്ടുകളും സഹിക്കും നടക്കേണ്ടിവന്നാൽ നടക്കും മൃഗങ്ങളുടെ പുറത്ത് കയറി സഞ്ചരിക്കും ഒരു ഹദീസ് കിട്ടിയാൽ അത് ചർച്ച ചെയ്യും ഏതെങ്കിലും നാട്ടിൽ ഒരു ഹദീസ് പണ്ഡിതനുണ്ടെന്ന് കേട്ടാൽ അങ്ങോട്ട് സാഹസിക യാത്ര നടത്തും പണ്ടിതനെ ചെന്ന് കാണും ഹദീസ് ചോദിക്കും അദ്ദേഹം ഹദീസ് പഠിപ്പിക്കും പിന്നെയും യാത്ര തുടരും

ഒരു ദിവസം അവർ സവിശേഷമായൊരു വാർത്ത കേട്ടു ഒരു ഹദീസ് പണ്ഡിതന്റെ പേര് ആ പണ്ഡിതന്റെ സ്വദേശത്തിന്റെ പേര് കേട്ടു സൻആ

ചരിത്രപ്രസിദ്ധമായ നാട് സൻആയിൽ അനേകം മഹാപുരുഷന്മാർ കഴിഞ്ഞുപോയിട്ടുണ്ട്

അബ്ബു റസാഖു ബ്നുൽ ഹുമാം(റ) വലിയ

പണ്ഡിത പ്രഭയാണ് അദ്ദേഹത്തെ
സമീപിച്ചാൽ പുതിയ അറിവുകൾ
ലഭിക്കുംഅത് കേട്ടതോടെ അഹ്മദുബ്നു
ഹമ്പൽ(റ)വിന്റെ മനസ്സിളകിമറിയാൻ
തുടങ്ങി അഹ്മദ് (റ) കൂട്ടുകാരനോട്
പറഞ്ഞു: യഹ്‌യാ.... നമുക്കുടനെ
സൻആയിൽ പോകാം മഹാനായ
പണ്ഡിതനെ തേടിപ്പോവാം എന്താണ്
യാത്രക്കു തടസ്സം ? അത് പറയൂ
യഹ്‌യ ഇങ്ങനെ മറുപടി പറഞ്ഞു:
എന്റെ മനസ്സിൽ ഒരാഗ്രഹമുണ്ട് കുറെ
നാളായി മനസ്സിൽ കൊണ്ടുനടക്കുന്നു
അവസരം വന്നതുകൊണ്ട് നിന്നോട്
പറയാം ഹജ്ജിന് പോവാൻ ആഗ്രഹമുണ്ട്
ഇക്കൊല്ലം തന്നെ പോവണം
ഇൻശാഅല്ലാഹ്
അഹ്മദ് (റ) വിന്റെ മനസ്സിൽ പുതിയൊരു
ചിന്ത കയറിവന്നു
പുണ്യഭൂമിയിലേക്കൊരു ഹജ്ജ് യാത്ര
മക്ക, മദീന സന്ദർശനം
മനസ് പുളകമണിഞ്ഞുപോയി പ്രിയ
സ്നേഹിതന്റെ കൂടെ ഒരു പുണ്യയാത്ര
ഇക്കൊല്ലം ബഗ്ദാദിൽ നിന്ന് പലരും
ഹജ്ജിന് പോവുന്നുണ്ട് കൂട്ടത്തിൽ യുവ
സുഹൃത്തുക്കളും
ഹജ്ജ് യാത്രയുടെ ഒരുക്കങ്ങൾ തുടങ്ങി
യാത്ര പുറപ്പെടാനുള്ള ദിവസം
അടുത്തുവരുന്നു പലരോടും യാത്ര
പറഞ്ഞു ദുആ വസ്വിയ്യത്തുകൾ നടന്നു
ബഗ്ദാദിൽ നിന്ന് ഹാജിമാരുടെ
സംഘങ്ങൾ പുറപ്പെട്ടു തുടങ്ങി അഹ്മദ്
(റ)വും കൂട്ടുകാരൻ യഹ്‌യയും
ഉൾക്കൊള്ളുന്ന സംഘം പുറപ്പെട്ടു
ദീർഘയാത്ര രാപ്പകലുകൾ എത്രയോ
കടന്നുപോയി പല രാജ്യങ്ങളിലൂടെ
സഞ്ചരിച്ചു പകലത്തെ ചൂടും രാത്രിയുടെ
തണുപ്പും സഹിച്ചു യാത്രാ ക്ഷീണം
ബാധിച്ചു പുണ്യ മക്ക എത്താറായി
പരിസര പ്രദേശങ്ങൾ കണ്ടുതുടങ്ങി
ആവേശം വർദ്ധിച്ചു ക്ഷീണം മറന്നു
യാത്രയുടെ വേഗത കൂടി ഇതാ
എത്തിക്കഴിഞ്ഞു കൺമുമ്പിൽ
പുണ്യഭൂമി കഅ്ബയുടെ നാട് ഇനി
ദിവസങ്ങളോളം മക്കയിലാണ് താമസം

ദിവസങ്ങൾ കഴിയുംതോറും തിരക്ക്
വർധിക്കുകയാണ് ഇടക്കിടക്ക് മത്വാഫിൽ
പോകും ത്വവാഫ് ചെയ്യും സംസം
കിണറിന്നടുത്ത് ചെല്ലും ബക്കറ്റ്
കിണറ്റിലേക്ക് താഴ്ത്തി സംസം
കോരിയെടുത്തു പുണ്യ ജലം
വേണ്ടുവോളം കുടിക്കും




ഒരു ദിവസം യഹ്‌യ ത്വവാഫു ചെയ്തു
കൊണ്ടിരിക്കുന്നു ജനക്കൂട്ടം കഅ്ബാ
ശരീഫിന് ചുറ്റും നീങ്ങി കൊണ്ടിരിക്കുന്നു
അപ്പോൾ യഹ്‌യ ഒരു പണ്ഡിതന്റെ മുഖം
കണ്ടു അതിശയിച്ചു പോയി
സൻആഇലെ പണ്ഡിതൻ
അബ്ദുറസാഖുബ്നു ഹുമാം
ത്വവാഫ് കഴിഞ്ഞു യഹ്‌യ പണ്ഡിതനെ
ചുറ്റുപ്പറ്റി നടന്നു ധൈര്യം സംഭരിച്ച്
സമീപത്തേക്ക് ചെന്നു സലാം ചൊല്ലി
പണ്ഡിത ശ്രേഷ്ഠൻ യുവാവിനെ നോക്കി
പുഞ്ചിരി തൂകി സലാം മടക്കി
എന്റെ പേര് യഹ്‌യ ബഗ്ദാദിൽ നിന്ന്
വരുന്നു ഹജ്ജ് കഴിഞ്ഞ്
സൻആഇയിലേക്ക് വരാൻ
തീരുമാനിച്ചതായിരുന്നു എനിക്കൊരു
കൂട്ടുകാരനുണ്ട് പേര് അഹമദുബ്നു
ഹമ്പൽ ഇവിടെ മക്കയിൽ തന്നെയുണ്ട്
ഞങ്ങൾ രണ്ടുപേരും കൂടി നാളെ

താങ്കളെ കാണാൻ വരട്ടെയോ?
വന്നോളൂ....സന്തോഷം തന്നെ നിങ്ങളുടെ കൂട്ടുകാരന്റെ പേര് അഹ്മദുബ്നു ഹമ്പൽ എന്നാണോ?
അതെ
ആ പേര് ഞാൻ കേട്ടിട്ടുണ്ട്
പണ്ഡിതൻ ആ പേരിനെക്കുറിച്ചു ചിന്തിച്ചു എന്തൊക്കെയോ
സവിശേഷതകളുള്ള ചെറുപ്പക്കാരൻ
അവർ സലാം ചൊല്ലിപ്പിരിഞ്ഞു
യഹ്‌യ കൂട്ടുകാരനെ കാണാൻ ധൃതിയിൽ നടന്നു എത്ര വലിയ സന്തോഷവാർത്തയാണ് അറിയിക്കാനുള്ളത് അഹ്മദ്... ഇതാ ഒരു സന്തോഷവാർത്ത
സന്തോഷ വാർത്തയോ? എന്താണത് പറയൂ
ഞാനിന്ന് ഒരാളെ കണ്ടുമുട്ടി സംസാരിച്ചു
ആരെയാണ് നിങ്ങൾ കണ്ടത്?
സൻആഇലെ പണ്ഡിതനെ
നേരാണോ ഈ കേൾക്കുന്നത്.
സത്യം അബ്ദുറസാഖുബ്നു ഹുമാമിനെ ഞാൻ കണ്ടു നാളെ നമുക്കു പോവണം ആ മഹാനെ കാണാൻ
മനസ്സ് സന്തോഷംകൊണ്ട് തുടികൊട്ടാൻ തുടങ്ങി മഹാഭാഗ്യം തങ്ങളെ തേടിയെത്തിയിരിക്കുന്നു.
അൽഹംദുലില്ലാഹ്
മക്കയിൽ ഒരു രാത്രികൂടി കടന്നുപോയി പുണ്യഭൂമിയിലെ പുണ്യരാവ് പ്രഭാതം വരാറായി കൂട്ടുകാർ നേരത്തെ എഴുന്നേറ്റു മസ്ജിദുൽ ഹറമിലേക്ക് നടന്നു അവിടെയെത്തി ആരാധനകളിൽ മുഴുകി ധന്യനിമിഷങ്ങൾ ഹദീസ് പഠിക്കാൻ പോവുകയാണ് പണ്ഡിത ശ്രേഷ്ഠരുടെ സവിധത്തിലേക്ക് എല്ലാ അദബുകളും പാലിച്ചുകൊണ്ട്
യുവപണ്ഡിതന്മാർ ആഗതരായി സലാം ചൊല്ലി
ഹൃദ്യമായ സ്വീകരണം
സൻആഇലെ പണ്ഡിതൻ
കാരുണ്യത്തിന്റെ നോട്ടം നോക്കി
അഹമദുബ്നു ഹമ്പലിനു നേരെ
സവിശേഷതകൾ നിറഞ്ഞ
ചെറുപ്പക്കാരൻ വിശേഷങ്ങൾ
ചോദിച്ചറിഞ്ഞു യുവപണ്ഡിതന്റെ
സംസാരം വളരെ ആകർഷകമായി
പാണ്ഡിത്യം നിറഞ്ഞു തുളുമ്പുന്നു
ഹദീസുകൾ ഓതി വിശദീകരിച്ചു
മനസ്സിളകിപ്പോയി അന്നത്തെ
ക്ലാസവസാനിപ്പിച്ചു സലാം ചൊല്ലി യാത്ര പറഞ്ഞിറങ്ങി
അടുത്ത ദിവസങ്ങളിലെല്ലാം പോയി
ധാരാളം കാര്യങ്ങൾ പഠിച്ചു
അഹമദുബ്നു ഹമ്പലിന്റെ പഠന താൽപര്യവും മനഃപാഠത്തിനുള്ള അപാരമായ കഴിവും ഉസ്താദിനെ അതിശയിപ്പിച്ചു
നിരവധി രാജ്യങ്ങളിൽ നിന്ന് പ്രമുഖ പണ്ഡിതന്മാർ ഹജ്ജിന് വന്നിട്ടുണ്ട്
അവരിൽ പലരും മസ്ജിദുൽ ഹറാമിൽ ക്ലാസെടുത്തു ധാരാളം ക്ലാസുകളിൽ നമ്മുടെ യുവ സുഹൃത്തുക്കൾ പങ്കെടുത്തു പല പ്രമുഖരുടെയും ശിഷ്യത്വം സ്വീകരിക്കാൻ സൗഭാഗ്യമുണ്ടായി
സഫലമായ ദിവസങ്ങൾ സൗഭാഗ്യത്തിന്റെ രാപ്പകലുകൾ ധാരാളം ഇൽമുകൾ നേടി
ഹജ്ജിന്റെ അമലുകൾ
അവസാനിക്കുന്നു അറഫയും ,
മുസ്ദലിഫയും , മിനായും കടന്നുപോയി
വിടവാങ്ങൽ ത്വവാഫ് പൊട്ടിക്കരയുന്ന
ഹാജിമാർ ചെറുസംഘങ്ങൾ
നീങ്ങിത്തുടങ്ങി പുണ്യഭൂമിയോട്
വിടചൊല്ലി യുവപണ്ഡിതന്മാർ
വിതുമ്പിക്കരഞ്ഞുപോയി മരുഭൂമിയിൽ ഏന്തിവലിഞ്ഞ് നടക്കുന്ന ഒട്ടകങ്ങൾ മദീന കണ്ടിട്ടാണ് പലരും വന്നത്
കാണാത്തവർ മക്കയിൽ നിന്ന് മദീനയിലേക്ക് നീങ്ങുന്നു ഹജ്ജ് കഴിഞ്ഞപ്പോൾ അഹ്മദുബ്നു ഹമ്പൽ(റ) കൂട്ടകാരോടാ പറഞ്ഞു:

നാം സൻആഇലേക്ക് പോവാൻ നേരത്തെ തീരുമാനിച്ചതാണ് അത് മാറ്റണ്ട നമുക്ക് സൻആഇൽ പോവാം ഒരു മാസത്തെ വഴിദൂരമുണ്ട്
അത് സാരമാക്കേണ്ട നമുക്കു പോവാം

കൂട്ടുകാർ സൻആഇലേക്ക് യാത്ര തിരിച്ചു
ഒരു മാസം കടന്നുപോയി പല
കഷ്ടപ്പാടുകൾ സഹിച്ചു പട്ടിണി കിടന്നു
ഖലമും മഷിക്കുപ്പിയും കടലാസും
അതാണ് വിലപ്പെട്ട മുതൽ അത്
നഷ്ടപ്പെടരുത്
ദീർഘ യാത്രകളിൽ കൊള്ളക്കാർ
പിടികൂടിയിട്ടുണ്ട് കൈവശമുള്ളതെല്ലാം
പിടിച്ചെടുക്കും
അഹ്മദുബ്നു ഹമ്പൽ(റ) പറയും :
എല്ലാം എടുത്തോളൂ മഷിക്കുപ്പിയും
ഖലമും കടലാസു കഷ്ണങ്ങളും തിരിച്ചു
തരണം അതുകൊണ്ട് നിങ്ങൾക്കൊരു
കാര്യവുമില്ലല്ലോ
ഇതല്ലാതെ തന്റെ കൈവശം
മറ്റെന്താണുള്ളത്? കൊള്ളക്കാർ
രോഷത്തോടെ ചോദിക്കും



ദരിദ്രനായ വിദ്യാർത്ഥിയാണ്
കൊള്ളക്കാർ കോപത്തോടെ മുഖം
തിരിക്കും വെറുതെ സമയം കളഞ്ഞു
ദരിദ്രനെ പിടിച്ചിട്ടെന്ത് കിട്ടാൻ
ഇത് ഒരിക്കലല്ല പല തലണയുണ്ടായി വിദ്യ
തേടി പല നാടുകളിൽ പോയിട്ടുണ്ട് കൂഫ,
ബസ്വറ, മക്ക, മദീന, സിറിയ, അൽജസീറ
തുടങ്ങിയവ അവയിൽ
ചിലതാകുന്നുമദീനയിലെ നാളുകൾ
അവിടത്തെ അനുഭവങ്ങൾ മനസ്സിൽ
നിന്ന് മാഞ്ഞുപോയതേയില്ല മഹത്തായ
റൗളാശരീഫ് അത് കാണാൻ കഴിഞ്ഞ
കണ്ണുകൾ ആ കണ്ണുകൾക്ക് സൗഭാഗ്യം
ലോകാനുഗ്രഹിയായ മുഹമ്മദ് മുസ്തഫ
(സ) തങ്ങൾക്ക് സലാം ചൊല്ലിയ
നിമിഷങ്ങൾ രോമാഞ്ചജനകമായ
അനുഭവം അബൂബക്കർ സിദ്ദീഖ് (റ)
ഉമറുൽ ഫാറൂഖ് (റ)
അവരിരുവർക്കും സാലാം ചൊല്ലി
പ്രവാചക സ്നേഹത്തിന്റെ മാതൃകകൾ
ഓരോ ദിവസവും സത്യവിശ്വാസികൾ
വന്നുകൊണ്ടേയിരിക്കുന്നു സലാം
ചൊല്ലുന്നു അവരെക്കുറിച്ചുള്ള
ഓർമകൾ സജീവമായി നിലനിൽക്കുന്നു
മദീനയിൽ വെച്ച് എത്രയോ
പണ്ഡിതന്മാരെ കണ്ടു പലരിൽ നിന്നും
ഇൽമ് നേടി ഉസ്താദുമാരുടെ എണ്ണം
വർധിച്ചു കൊണ്ടിരുന്നു.

രചന: വദൂദ് കാരിപ്പറമ്പ്

## 19. എന്റെ പെരുന്നാൾ ഓർമ

അൽ മർക്കസുൽ ഫാറൂഖിയിൽ ഇന്ന്
ലീവ് ആണ്. ഞാൻ ലീവിന് വീട്ടിലെത്തി.
ഉമ്മ എന്നോട് മുമ്പ് പഠിച്ചിരുന്ന
ഖാദിസിയ്യയിൽ പോകാൻ
ആവശ്യപ്പെട്ടപ്പോൾ ഞാൻ നാളെ
പോകമെന്ന് പറഞ്ഞു. പിറ്റേന്ന് ഉച്ചക്ക്
വീട്ടിൽ നിന്ന് ഇറങ്ങി ,കിഴിശ്ശേരിയിൽ
നിന്ന് മഞ്ചേരിയിലേക്ക്. അവിടെയുള്ള
ഒരു ടൈലറുടെ ഷോപ്പിൽ പോയി
തയ്ക്കാനുള്ള വസ്ത്രത്തിന്റെ അളവ്
കൊടുത്തു. എന്നിട്ട് ബസ് കയറുന്നതിന്

മുമ്പ് രണ്ട് കടല മുട്ടായി വേടിച്ചു. കിടങ്ങയി എന്ന സ്ഥലത്തെത്തി അവിടുന്ന് ഖാദിസിയ്യയിലേക്ക് നടന്നു. എന്നെ കുട്ടികൾ സന്തോഷപൂർവ്വം സ്വീകരിച്ചു. എന്നിട്ട് ഉസ്താദുമരെ കണ്ടു സംസാരിച്ചു. മാറ്റി അടുക്കളയിൽ എത്തി. ഒന്നെടുത്തു തിന്നു. ഉമ്മാനെ സോപ്പിടാൻ ഉമ്മയോട് പറഞ്ഞു നല്ല രുചിയുണ്ട്. ഇറച്ചിയുടെ രുചി കൊണ്ട് ഇടയ്ക്കിടയ്ക്ക് ഇറച്ചി എടുക്കും. കുറച്ചു കഴിഞ്ഞ് ഉമ്മ എന്നെ ആട്ടിയോടിച്ചു. പിന്നെ ഇറച്ചി തിന്നത് എല്ലാവരും ഭക്ഷണം കഴിക്കുന്ന നേരത്തായിരുന്നു. ഭക്ഷണം കഴിച്ചു കഴിഞ്ഞു. ഞങ്ങൾ അങ്ങോട്ട് പോകും എന്ന് യാസീനിന്റെയും ഹസാന്റെയും എൻറെയും മനസ്സിൽ ചിന്ത വന്നു. അങ്ങനെ ഇരിക്കുമ്പോഴാണ് യാ സീൻഅൽ മർക്കസുൽ ഫാറൂഖിയിൽ ഇന്ന് ലീവ് ആണ്.



ഞാൻ ലീവിന് വീട്ടിലെത്തി. ഉമ്മ എന്നോട് മുമ്പ് പഠിച്ചിരുന്ന ഖാദിസിയ്യയിൽ പോകാൻ ആവശ്യപ്പെട്ടപ്പോൾ ഞാൻ നാളെ പോകമെന്ന് പറഞ്ഞു. പിറ്റേന്ന് ഉച്ചക്ക് വീട്ടിൽ നിന്ന് ഇറങ്ങി ,കിഴിശ്ശേരിയിൽ നിന്ന് മഞ്ചേരിയിലേക്ക്. അവിടെയുള്ള ഒരു ടൈലറുടെ ഷോപ്പിൽ പോയി തയ്ക്കാനുള്ള വസ്ത്രത്തിന്റെ അളവ് കൊടുത്തു. എന്നിട്ട് ബസ് കയറുന്നതിന് മുമ്പ് രണ്ട് കടല മുട്ടായി വേടിച്ചു. കിടങ്ങയി എന്ന സ്ഥലത്തെത്തി അവിടുന്ന് ഖാദിസിയ്യയിലേക്ക് നടന്നു. എന്നെ കുട്ടികൾ സന്തോഷപൂർവ്വം സ്വീകരിച്ചു. എന്നിട്ട് ഉസ്താദുമരെ കണ്ടു സംസാരിച്ചു. ഉസ്താദുമാർക്ക് കടലുമിട്ടായി കൊടുത്തു. അവരുടെ സന്തോഷിക്കുന്നത് ഞാൻ കണ്ടു. സന്തോഷപൂർവ്വം ഉസ്താദ് എന്നെ റൂമിലേക്ക് വിളിച്ചു. എന്നിട്ട് എന്നോട് കാര്യം പറഞ്ഞു. ഇന്ന് രാത്രി ഭക്ഷണം കഴിച്ചതിനുശേഷം ഒരു ഗ്രാൻഡ് ബുർദ മജ്‌ലിസ് സംഘടിപ്പിക്കുന്നുണ്ട്. അതിൽ നീ ആശംസ പറയണം എന്ന് പറഞ്ഞു. ഉസ്താദ് പറഞ്ഞതുകൊണ്ട് ഞാൻ അതിനു സമ്മതിച്ചു ഭക്ഷണം കഴിച്ചു. കുട്ടികൾക്ക് നസീഹത്ത് കൊടുത്തു. പിറ്റേദിവസം അറഫാ നോമ്പ് നോറ്റ് വീട്ടിലേക്ക് പോകുന്നതിനു മുമ്പ് ശാക്കിർ ഉസ്താദിൻറെ റൂമിൽ പോയി ഉസ്താദിനോട് സമ്മതം വാങ്ങി പോകുമ്പോൾ എൻറെ കയ്യിലേക്ക് 100 രൂപ തന്നു. ഞാന് സന്തോഷത്തോടെ വീട്ടിലേക്ക് പോയി . ഉമ്മയോട് വിവരങ്ങൾ പറഞ്ഞു . ഉമ്മ പറഞ്ഞു ശാക്കിർ ഉസ്താദ് തന്ന പൈസ ഒരിക്കലും ഉപയോഗിക്കരുത്. അത് ബർക്കത്തിന്റെ പൈസയാണ്. അത് നീ സൂക്ഷിക്കുക. അന്ന് ഞാൻ ബാസിത് കാക്കാന്റെ വീട്ടിൽ പോയിരുന്നു. അവിടുത്തെ ഉമ്മ എന്നോട് ചോദിച്ചു നിനക്ക് പെരുന്നാളിന്

പുതുവസ്ത്രമുണ്ടോ..? ഞാൻ പറഞ്ഞു ഇല്ല വസ്ത്രം വേടിക്കാൻ പോകുന്നതേയുള്ളൂ. അത് ചോദിച്ചു നിനക്ക് ഏതു വസ്ത്രം ഏത് മോഡൽ എന്ന്. അതിൻറെ പൈസ എത്രയാണ് എന്നും . ഒമാനിക്കന്തൂറ. ഏകദേശം 2000 രൂപ ആകും എന്ന് ഞാൻ പറഞ്ഞു. എനിക്ക് 2000 രൂപ തന്നു. എന്നിട്ട് നീ ഉദ്ദേശിച്ച വസ്ത്രം നീ വാങ്ങിക്കോ. എന്ന് പറഞ്ഞു ഞാൻ സന്തോഷത്തോടെ കീഴിശ്ശേരി അങ്ങാടിയിലെ കടകളിൽ ഇറങ്ങുവാൻ തുടങ്ങി. എത്ര തപ്പിയിട്ടും നോക്കിയിട്ടും കാണുന്നില്ല . ഞാൻ പിന്നെ കൊണ്ടോട്ടിയിലേക്ക് പോയി. അൽ ഫത്തഹ് സ്റ്റോറിൽ പോയി എനിക്കിഷ്ടപ്പെട്ട ഡ്രസ്സ് ഞാൻ ചോദിച്ചു. ഉദ്ദേശിച്ച കളർ ഇല്ലായിരുന്നു. ഗതികെട്ടാൽ പുലി പുല്ലും തിന്നും എന്നൊരു ചൊല്ല് മനസ്സിൽ വന്നു. അവിടെയുള്ള കളർ എടുക്കാൻ ഞാൻ ആവശ്യപ്പെട്ടു. അങ്ങനെ കിട്ടിയ ഒരു കളർ ആയിരുന്നു.



പിന്നെ ഞാൻ വീട്ടിലേക്ക് പോകുമ്പോൾ ഒരു സ്മാർട്ട് വാച്ച് മേടിച്ചു. വെറും ഷോക്ക് മാത്രം പറ്റുന്ന 1100 രൂപയുടെ. ഞാൻ വീട്ടിലെത്തി പെരുന്നാൾ രാവിൽ എല്ലാവരും സന്തോഷത്തിലായിരുന്നു. പിറ്റേദിവസം ആഘാതമായി ഞങ്ങൾ എല്ലാവരും കുളിച്ചു വൃത്തിയായി പള്ളിയിൽ പോകുന്നതിനു മുമ്പ് ഒരു ചായയും കടിയും കുടിച്ചു. ഇല്ലെങ്കിൽ അന്നത്തെ പെരുന്നാൾ ഒരു വൈബുമുണ്ടാവില്ല. ഏതായാലും ആ പെരുന്നാളിന് ചായ ഉണ്ടായിരുന്നു.



ഉമ്മയിറച്ചി വരട്ടിയതോടെ ഞാൻ അടുപ്പിന്റെ ചൂടും കൊണ്ടിരിക്കുകയായിരുന്നു. പള്ളിയിൽ പോകാൻ സമയമായപ്പോൾ ഞാൻ അടുപ്പ് വിട്ടു. ഞങ്ങൾ പള്ളിയിൽ പോയി നിസ്കാരവും ഖുതുബയും കഴിഞ്ഞ് ഞങ്ങൾ കബർസ്ഥാനിലേക്ക് സിയാറത്തിനു വേണ്ടി പോയി. വീട്ടിലേക്ക് തിരിച്ചു. ഞാനാണ് വീട്ടിൽ ആദ്യം എത്തിയത്. കാരണം ഇറച്ചി എന്നൊരു ഡിഷ് അവിടെ റെഡിയാണ്. വേഗം ഡ്രസ്സ് മാറ്റിയെത്തി. ഒരു ഇറച്ചിക്കഷണം എടുത്ത് തിന്നു . ഉമ്മയെ സോപ്പ് ഇടാൻ വേണ്ടി നല്ല സ്വാദ് ഉണ്ടെന്നു പറഞ്ഞു. വീണ്ടും എടുക്കാൻ ചെന്നപ്പോൾ ഉമ്മ എന്നെ ആട്ടിയോടിച്ചു. പിന്നെ ഞാൻ ഇറച്ചി തിന്നത് എല്ലാവരും ഭക്ഷണം കഴിക്കുമ്പോഴാണ്. ഭക്ഷണം കഴിച്ചു

കഴിഞ്ഞു ഞങ്ങൾ എങ്ങോട്ടാ പോവുക എന്ന് യാസീൻ ഹസ്സാന്റെയും എൻറെയും മനസ്സിൽ ചിന്ത വന്നു. അങ്ങനെ ഇരിക്കുമ്പോഴാണ് ദാറുൽ അമാനിലെ ചങ്ങാതി വീട്ടിലെത്തിയത്. ചങ്ങാതിയോട് ചോദിച്ചു. നിങ്ങൾ മിനിയൂട്ടിലേക്ക് പോയിട്ടുണ്ടോ....? ഇല്ല എന്ന് മറുപടി കേട്ടപ്പോൾ. ഞങ്ങളെ തീരുമാനിച്ചു ഇന്നത്തെ ട്രിപ്പ് മിനി ഊട്ടിയിലേക്ക്. ഞങ്ങളെ യാത്ര പുറപ്പെട്ടു. ഞാനും യാസീനും ഒരു വണ്ടിയിലും. ഹസസായും അവന്റെ ചങ്ങാതിയും മറ്റൊരു വണ്ടിയിലുമായി മിനി ഊട്ടിയിലേക്ക് പോയി. അവിടെ എത്തിയപ്പോൾ വൻ തിരക്ക്. ഞങ്ങൾ അവിടെ നിന്ന് തിരിച്ച് വീട്ടിലേക്ക് പോന്നു. . പിന്നെ രാത്രി ബാസിത് കാക്കാന്റെ വീട്ടിലും പോയി. അവിടുത്തെ ഉമ്മാക്ക് സന്തോഷമായി ഇതെല്ലാം കഴിഞ്ഞ് പെരുന്നാൾ ദിനം അവസാന നേരത്ത് ആയപ്പോൾ എല്ലാരും ഓഫ് ആയതു പോലെ അനുഭവപ്പെട്ടു.

രചന: ലുക്മാൻ കിഴിശ്ശേരി

# 20. ബലി പെരുന്നാളിന്റെ പൊരുളുകൾ

ആളുകളെ അവിടെയെത്തിക്കുന്ന ചുമതല അല്ലാഹു ഏറ്റെടുക്കുന്നതാണ്. വെള്ളവും മറ്റു പ്രകൃതി വിഭവങ്ങളും അവനവിടെ സംവിധാനിച്ചുതരും. മക്കയാണ് അതിനു തെളിവ്. ലോകത്ത് തരിശായി കിടക്കുന്ന എല്ലാ ഇടങ്ങളിലും മനുഷ്യസ്പർശമേൽപ്പിക്കാനുള്ള പ്രചോദനവും ബലിപെരുന്നാൾ നൽകുന്നുണ്ടെന്ന് സാരം. കാരണം മനുഷ്യനെ സൃഷ്ടിച്ചത് ഭൂമിയുടെ പരിപാലനത്തിനു വേണ്ടി കൂടിയാണല്ലോ.

ലോകം പാവങ്ങളുടേതാണെന്ന് ബലിപെരുന്നാൾ ഉറപ്പിച്ചു പറയുന്നു. പാവങ്ങളുടെ സംഭാവനകൾക്ക് അങ്ങേയറ്റത്തെ സ്ഥാനമുണ്ടെന്നാണ് ബലിപെരുന്നാളിന്റെ സന്ദേശം. നാലായിരം വർഷങ്ങൾക്ക് മുമ്പ് ജീവിച്ച അടിമസ്ത്രീയുടെ സംഭാവനകളാണ് ഇന്നും ലോകം സ്മരിക്കുന്നത്. അന്നോ അതിനു മുമ്പോ ശേഷമോ ജീവിച്ച ഒരു മുതലാളിക്ക് ഇതിന്റെ നാലയലത്ത് പോലുമെത്തുന്ന ഒരംഗീകരവും കിട്ടിയിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. മുതലാളിയുടെ മുതലല്ല, പാവങ്ങളുടെ ത്യാഗമാണ് ലോകത്തിന്റെ ആഭിജാത്യവും അന്തസ്സെന്നും ബലിപെരുന്നാൾ ഉച്ചൈസ്തരം ഘോഷിക്കുന്നു. ആരാരും തിരിഞ്ഞുനോക്കാനുണ്ടാവില്ലെന്നു നിനച്ച ഹാജറ(റ)യെ കോടിക്കണക്കിനു ജനങ്ങൾ അനുസ്മരിക്കുകയും അക്ഷരംപ്രതി അനുധാവനം നടത്തുകയും ചെയ്യുമ്പോൾ തങ്ങളുടെ സേവനങ്ങൾ ആരും പരിഗണിക്കുന്നില്ലെന്നു നിനച്ച് പകലന്തിയോളം വിയർപ്പൊഴുക്കുന്ന ജനങ്ങളോട് ഈദുൽ അള്ഹ പറയുന്നത് നിങ്ങളെ ചരിത്രം ഉയർത്തിക്കൊണ്ടുവരുമെന്ന് തന്നെയാണ്. എല്ലാം അല്ലാഹുവിൽ സമർപ്പിച്ച് രാഷ്ട്ര-നാഗരിക നിർമിതിയിൽ പങ്കാളികളാവുക.



ഇബ്റാഹീം നബി(അ)യും ഭാര്യ ഹാജറ(റ)യും മകൻ ഇസ്മാഈൽ നബി(അ)യുമടങ്ങുന്ന ചെറുകുടുംബത്തിന്റെ ജീവിതമാണ് ബലിപെരുന്നാളിന്റെ പ്രമേയം. വിശുദ്ധ ഹജ്ജും ഈ കുടുംബത്തെയാണ് അനുസ്മരിക്കുന്നത്. ഇലാഹീ കൽപനക്കു വഴങ്ങി മകനെ അറവു നടത്താൻ സന്നദ്ധനായ പിതാവ്, അറവിനു സന്തോഷപൂർവം പറഞ്ഞയക്കുന്ന മാതാവ്, മരണം സന്തോഷത്തോടെ സ്വീകരിക്കാനിരിക്കുന്ന മകൻ... ഇതെല്ലാം ബലിപെരുന്നാളിൽ കടന്നുവരുന്നു. ചില മദ്ഹബുകളിൽ നിർബന്ധ ബാധ്യതയായ ഉളുഹിയ്യത്ത് അങ്ങനെയാണ് മതത്തിന്റെ ഭാഗമാകുന്നത്. അല്ലാഹുവിനു പൂർണമായും സമർപ്പിക്കാൻ മനസ്സുകാണിച്ചപ്പോൾ ലോകം മൊത്തം അത് സ്മരിക്കണമെന്നു നാഥൻ വിധിച്ചു. ഒരാടിനെ അറുത്തെങ്കിലും മുസ്‌ലിം ലോകം ഈ അതുല്യ ത്യാഗത്തെ അനുസ്മരിക്കുന്നു. മകനെ ബലിനൽകുമ്പോൾ തന്റെ പിൻഗാമിയെക്കൂടിയാണ് നഷ്ടപ്പെടുന്നതെന്ന വേപഥു ഒരിക്കലും ഇബ്റാഹീം(അ) വെച്ചുപുലർത്തിയില്ല. കാരണം എല്ലാം അല്ലാഹു തന്നതാണെന്നും തിരിച്ചെടുക്കാൻ അവനവകാശമുണ്ടെന്നും ആ കുടുംബത്തിനറിയാമായിരുന്നു. ഈ അചഞ്ചല വിശ്വാസം നിമിത്തമാണ് ഇബ്റാഹീം നബി(അ)യുടെ സന്താന പരമ്പരയിൽ ധാരാളം നബിമാർ പിന്നീട് വന്നത്. മുഹമ്മദ് നബി(സ്വ)യടക്കം ആ പരമ്പരയിലെ കണ്ണിയാണല്ലോ.

ത്യാഗവും സമർപ്പണവും ഇഹലോകത്തു ലഭിക്കുന്ന ആനുകൂല്യം അളന്നാവരുതെന്നാണ് ബലിപെരുന്നാൾ നൽകുന്ന മഹത്തായ പാഠം. അത്തരക്കാരുടെ വിയർപ്പുകൾക്ക് റബ്ബിന്റെ അംഗീകാരം ലഭിക്കില്ല. മനുഷ്യന്റെ അധ്വാനം ചരിത്രത്തിൽ രേഖപ്പെടുത്താതെ പോകുന്നതിന്റെ പ്രധാന കാരണവും ഇതുതന്നെയാണ്. അല്ലാഹുവാണ് നമ്മെ സൃഷ്ടിച്ചതെന്നും അവനാണ് ഇതിനെല്ലാം അവസരം തന്നതെന്നും അവനുവേണ്ടി ജീവിതം സമർപ്പിക്കലാണ് തന്റെ പരമ ദൗത്യമെന്നും മനസ്സിലാക്കി മനുഷ്യർ പ്രവർത്തിക്കുമ്പോൾ അനുഗ്രഹത്തിന്റെയും അംഗീകാരത്തിന്റെയും ഒരായിരം കവാടങ്ങൾ നമുക്ക് മുമ്പിൽ തുറക്കപ്പെടും.

രചന: സിനാൻ ഇരുമ്പുഴി



# 21. ദുൽഹിജ്ജ: പവിത്ര മാസങ്ങളിലെ രാജാവ്

ആഗോള ഇസ്ലാമിക സമൂഹത്തിൻറെ കൊച്ചുരൂപമാണ് അറഫ. ലോകമെങ്ങുമുള്ള വിശ്വാസി വ്യൂഹത്തിൻറെ ചേതോഹരമായ പരിച്ഛേദം. ഒരർത്ഥത്തിൽ ലോകമുസ്ലിം പ്രതിനിധികൾ ഒത്തുചേരുന്ന അന്താരാഷ്ട്ര ഇസ്ലാമിക സമ്മേളനം. ഓരോ മുസ്ലിമിനും താൻ വിശാലമായ ഇസ്ലാമിക സമൂഹത്തിൻറെ ഭാഗമാണെന്ന തിരിച്ചറിവ് ലഭിക്കുന്ന പുണ്യകർമം കൂടിയാണ് അറഫയിൽ നിൽക്കൽ. മാനവനെ ദേശ ഭാഷ വർഗ വർണ കുടുംബ ഗോത്ര വിഭാഗീയതകളിൽ നിന്നെല്ലാം സ്വതന്ത്രമാക്കുന്ന പുണ്യകർമം. അല്ലാഹുവിൻറെ ഏകത്വം പോലെ മനുഷ്യകത്തിൻറെ ഏകത്വവും അത് വിളംബരം ചെയ്യുന്നു.

തിരിച്ചറിവിൻറെയും പ്രത്യാശയുടെയും താഴ്വരയാണ് അറഫ. മുഴുവൻ ഹാജിമാരും ഒരേസമയം അവിടെ സംഗമിക്കുന്നു. സ്വന്തത്തിനും കുടുംബത്തിനും വേണ്ടി മാത്രമല്ല അവരുടെ ഒത്തുചേരലും പ്രാർത്ഥനയും, ഇസ്ലാമിക സമൂഹത്തിന് വേണ്ടിയും മാനവരാശിക്ക് വേണ്ടിയുമാണ്. വിശുദ്ധ ഇസ്ലാം വിഭാവനം ചെയ്യുന്ന ഏകലോകത്തിൻറെ ചെറുപതിപ്പ്.

അറഫയിലെ ഒത്തുചേരൽ വിശ്വാസികളെ വികാരഭരിതരാക്കും. ഭൂമിയുടെ ഒരറ്റം മുതൽ മറ്റേയറ്റം വരെയുള്ള മുഴുവൻ തീർത്ഥാടകരും തങ്ങളെ വേർതിരിക്കുന്ന സകല വിവേചന-വിശേഷണങ്ങളിൽ നിന്നെല്ലാം വിമോചിതരായി വിനയാന്വിതരും നിർമല ഹൃദയരുമായി സ്രഷ്ടാവിൻറെ മുമ്പിൽ സമ്മേളിച്ചിരിക്കുകയാണ്. ജീവിതത്തിൽ മുമ്പൊന്നുമില്ലാത്ത വിധം അവർ ആത്മപരിശോധന നടത്തുന്നു. ഗതകാല ജീവിതത്തിലെ ഏടുകൾ മറിച്ചുനോക്കി സംഭവിച്ചുപോയ പാപങ്ങൾ ചികഞ്ഞെടുത്ത് അല്ലാഹുവിൻറെ മുമ്പിൽ ഏറ്റുപറഞ്ഞു പാപമോചനം തേടുന്നു. പശ്ചാത്തപിച്ച് മടങ്ങുന്നു. അവിടെ തേങ്ങാത്ത ഹൃദയങ്ങളും വിതുമ്പാത്ത ചുണ്ടുകളും നനയാത്ത നയനങ്ങളും വളരെ വിരളമായിരിക്കും. അതുകൊണ്ടാകാം തിരുനബി(സ്വ) പറഞ്ഞത്: 'അറഫാ ദിനത്തെ പോലെ പിശാച് നിന്ദ്യനും ഇളിഭ്യനും കോപാകുലനുമാകുന്ന മറ്റൊരു ദിവസമില്ല'.അന്ത്യനാളിനെയും അന്ത്യയാത്രയെയും അനുസ്മരിപ്പിക്കുന്നതാണ് അറഫാ സംഗമം. ഇഹ്റാമിൻറെ രണ്ട് തുണ്ട് മുണ്ടിനോട് ഒന്നു കൂടി കൂട്ടിയാൽ മരണാനന്തര യാത്രക്ക് വേണ്ട കഫൻപുടവയായി. അറഫയിൽ സമ്മേളിക്കുന്നത് അല്ലാഹുവിൻറെ സന്നിധിയിൽ ഹാജറാക്കപ്പെടുന്നതിനെ ഓർമിപ്പിക്കുന്നതിനാലായിരിക്കും വിശുദ്ധ ഖുർആനിലെ അൽഹജ്ജ് അധ്യായത്തിൻറെ പ്രാരംഭം പുനരുത്ഥാന നാളിനെ പരാമർശിച്ചുകൊണ്ടായത്. അതിങ്ങനെ വായിക്കാം: 'ജനങ്ങളേ, നിങ്ങളുടെ നാഥൻറെ കോപത്തെ സൂക്ഷിക്കുക. പുനരുത്ഥാന നാളിൻറെ പ്രകമ്പനം അതിഭയാനകം തന്നെ. നിങ്ങളത് കാണുന്ന നാളിലെ അവസ്ഥ ഇതായിരിക്കും. മുലയൂട്ടുന്നവരൊക്കെയും തങ്ങളുടെ മുല കുടിക്കുന്ന കുട്ടികളെ മറക്കുന്നു. ഗർഭിണികളെല്ലാം പ്രസവിച്ചുപോകും. ജനത്തെ ഉന്മാദരായി കാണും. എന്നാലവർ ലഹരി ബാധിതരായിരിക്കില്ല. അല്ലാഹുവിൻറെ ശിക്ഷ എത്രയേറെ ഗുരുതരമായിരിക്കും.

രചന: സുഹൈൽ കാവനൂർ



# 22. ഉള്ഹിയ്യത്ത് ഹനഫി മദ്ഹബിൽ

വലിയ പെരുന്നാളിനോടനുബന്ധിച്ച് ദുൽഹജ്ജ് 10,11,12 ദിവസങ്ങളിൽ ചെയ്യുന്ന അതിപ്രധാന ഇബാദത്തുകളിൽ ഒന്നാണ് . ബലികർമ്മം അഥവാ ഉള്ഹിയ്യത്ത് . പ്രായപൂർത്തിയായ ബുദ്ധിയുള്ള ഭ്രാന്തി ഇല്ലാത്ത സകാത്ത് കൊടുക്കാൻ അർഹരായ എല്ലാ മുസ്ലിലിം സ്ത്രീപുരുഷന്മാർക്കും ഉള്ഹിയ്യത്ത് നിർബന്ധമാണ്. പെരുന്നാൾ ദിവസത്തെ അത്യാവശ്യം ചെലവുകളും കടങ്ങളും കാഴ്ച സക്കാത്ത് നിർബന്ധമാക്കാൻ ആവശ്യമായ മിനിമം തുക അഥവാ 595 ഗ്രാം വെള്ളിയോ അതിൻറെ വിലയോ 85 ഗ്രാം സ്വർണമോ കൈവശമുള്ള നാട്ടിൽ തിര താമസക്കാരായ മുസ്ലിമായ എല്ലാ സ്ത്രീ പുരുഷന്മാരുടെയും ബാധ്യതയാണ് ഉള്ഹിയ്യത്ത് . താമസിക്കുന്ന വീട് ധരിക്കുന്ന വസ്ത്രങ്ങൾ വീട്ടുപകരണങ്ങൾ യാത്രാ വാഹനങ്ങൾ ഇവകളൊന്നും കണക്കിൽ പെടുകയില്ല ഒരു വർഷമായി കൈവശം ഉണ്ടാകലും നിർബന്ധമില്ല അറുക്കേണ്ട മൃഗം രണ്ടു വയസ്സ് പൂർത്തിയായ ആട് ആട് വർഗ്ഗം ഒരു വയസ്സ് തികഞ്ഞ കോലാട് ഒരു വയസ്സ് തോന്നിക്കുന്ന ചെമ്മരിയാട് വലിപ്പം ഉണ്ടെങ്കിൽ ആറുമാസമോ എട്ടുമാസമോ ആയാലും മതിയാകും ആണെങ്കിൽ ഒരു വയസ്സ് തികയാതെ മതിയാവുകയില്ല അഞ്ചു വയസ്സുള്ള ഒട്ടകം എന്നിവയാണ് ഉള്ഹിയ്യത്ത് അറുക്കേണ്ടത്.( ഫതാവ ഖാളീൻ ) വലി മൃഗം ന്യൂനതകൾ ഇല്ലാത്തത് ആവണം അംഗവൈകല്യങ്ങൾ ഉള്ളവ മാംസത്തെ ബാധിക്കുന്നതോ തടിച്ചയിപ്പിക്കുന്നതോ ആയ രോഗം ചൊറിച്ചിരങ്ങ് ബാധിച്ചത് പല്ലു മുഴുവൻ നഷ്ടപ്പെട്ടത് മുതലായ ഉള്ഹിയ്യത്ത് യോഗ്യമല്ല. ചാവക്കാനാവശ്യമായ മാത്രം പല്ല് മാത്രം ശേഷിച്ച മൃഗവും ജന്മനാ കൊമ്പില്ലാത്തതും കൊമ്പും മുറിഞ്ഞതും അല്ലാത്ത ചെറിയ ന്യൂനതയുള്ളതുമായ മൃഗങ്ങളെ അറുക്കൽ അനുവദനീയമാണ്. ഉള് ഹിയ്യത്ത് അറുക്കേണ്ടണ്ട സമയം പെരുന്നാൾ നിസ്കാരം കഴിഞ്ഞത് മുതൽ സൂര്യന് അസ്തമിക്കുന്നതുവരെയാണ്. പത്തിന്റെ അന്ന് തന്നെ അറുക്കലാണ് ഉത്തമം . നിസ്കാരം കഴിഞ്ഞ ശേഷം മാത്രമേ ഉള്ഹിയ്യത്ത് അറുക്കാവൂ . നാട്ടിൽ ഒന്നിലധികം പള്ളികളിൽ ഈദ് നിസ്കാരം നടക്കുന്നുവെങ്കിൽ ആദ്യം നിസ്കാരം പൂർത്തിയായതു പരിഗണിച്ചു ബലി നടത്താവുന്നതാണ്. പകൽ അറുക്കലാണ് ഉത്തമം രാത്രി അറുക്കൽ കറാഹത്താണ്.അതുപോലെ, പല്ല്പൊട്ടിയതും കൊഴിഞ്ഞുപോയ തും ബലിദാനത്തിന് തടസ്സമില്ല.ഒട്ടകത്തിനാണ് ബലിമൃഗങ്ങളിൽ ഒന്നാം സ്ഥാനം. രണ്ടാംസ്ഥാനത്ത് മാടും മൂന്നാം സ്ഥാനത്ത് ആടും. ഒട്ടകത്തിലോമാടിലോ ഏഴിൽ ഒരു ഓഹരിചേരുന്നതിനെക്കാൾ ഉത്തമംഒരു ആടിനെ അറുക്കലാണ്.ആൺമൃഗമാണ് പെൺമൃഗത്തെക്കാൾ ശ്രേഷ്ഠം. ഏതുനിറത്തിലുള്ള മൃഗത്തെയുംബലി നടത്താവുന്നതാണ്. പെരുന്നാൾ നിസ്ക്കാര ശേഷമാണ്ഉള്ഹിയ്യത്ത് നിർവഹിക്കേണ്ടത്..ഇന്നത്തെ ദിവസം നാം ആദ്യം ചെയ്യേണ്ടത് നിസ്കാരമാണ്. ശേഷം ബലികർമം നടത്തണം. അങ്ങനെ ചെയ്യുന്നവർ നമ്മുടെ സുന്നത്തിനെ അവലംബിച്ചു' (ബുഖാരി). 'നിങ്ങളുടെ രക്ഷി താവിന് വേണ്ടി നിസ്കരിക്കുക, അറവ് നടത്തുക' (സൂറത്തുൽ കൗസർ 2)പെരുന്നാൾ നിസ്കാരത്തിനു മുമ്പ് അറവ് നടത്തുന്നത് നിയമ വിരുദ്ധമാണ്. അങ്ങനെ ചെയ്താൽ നിർബന്ധ ഉള്ഹിയ്യത്താ ണെങ്കിൽ വേറെ മൃഗത്തെ ബലി നടത്തേണ്ടതുണ്ട്. 'നിസ്കാരത്തി നു മുമ്പ് അറവ് നടത്തിയാൽ അത് കുടുംബത്തിനുള്ള മാംസം മാത്രമാണ്; ആരാധനയുടേതല്ല(ബുഖാരി )ഉള്ഹിയ്യത്ത് ഉദ്ദേശിച്ചവർ ദുൽഹിജ്ജ പിറന്ന ശേഷം സ്വ ന്തം നഖവും മുടിയും മുറിക്കാ തിരിക്കൽ പ്രത്യേകം സുന്നത്തു ണ്ട്. 'നിങ്ങൾ ദുൽഹിജ്ജ മാസം പിറവി കാണുകയും ഉള്ഹി യ്യത്ത് ലക്ഷ്യവുമുണ്ടെങ്കിൽ നഖവും മുടിയും മുറിക്കാതിരി ക്കട്ടെ' (മുസ്ലിം). സ്വന്തമായി തന്നെ അറവ് നടത്തലാണ് ഏറ്റ വും ഉത്തമം.


സാധ്യമല്ലെങ്കിൽ അറവ് നടക്കുമ്പോൾ തന്റെ സാന്നിധ്യം ഉണ്ടായിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

രചന: മുഹമ്മദ് സിനാൻ പടിയഞ്ചാലിൽ

---

# 23. ഉള്ഹിയ്യത്തിന്റെ നിബന്ധനകൾ

ആട്, മാട്, ഒട്ടകം എന്നിവ യിലാണ് ഉള്ഹിയ്യത്ത് നിയമമായിട്ടുള്ളത് ഒട്ടക ബലിദാനത്തെ കുറിച്ച് സൂറത്തുൽ ഹജ്ജിന്റെ 36-ാം വചനത്തിൽ പറഞ്ഞ പ്പോൾ തിരുനബി(സ്വ) തന്റെ ഭാര്യമാരെ തൊട്ട് മാടിനെ അറു ത്ത് ഉള്ഹിയ്യത്ത് നിർവഹിച്ചത് ഇമാം മുസ്ലിമും, രണ്ട് ആടിനെ ഉള്ഹിയ്യത്ത് നടത്തിയത് ഇമാം മുസ്ലിമിന് പുറമെ അഹ്മദും അബൂദാവൂദും (റ.അൻഹും) ഉദ്ധരിച്ചത് കാണാം. ഒട്ടകത്തിന് അഞ്ച് വയസ്സും മാടിനും കോ ലാടിനും രണ്ട് വയസ്സും തികയണം.ണം. നല്ല സൗന്ദര്യമുള്ള, കുറ്റമറ്റ മൃഗമാണ് ഉള്ഹിയ്യത്തിന് പറ്റുക. വ്യക്തമായ മുടന്ത്, രോഗം, കാഴ്ചയില്ലാത്തത്, ശക്തമായി മെലിഞ്ഞത്, ചെവി, വാല്, അകി ട്, നാവ് തുടങ്ങിയവ മുറിഞ്ഞത്, എല്ല് ഒടിഞ്ഞത് തുടങ്ങിയ ന്യൂന തകളുള്ള മൃഗങ്ങൾ ഉള്ഹിയ്യത്തി ന് മതിയാവില്ല. പ്രസവിച്ചതും പ്രസവിക്കാത്തതും ഉടക്കപ്പെട്ട തുമായ മൃഗങ്ങളെല്ലാം ഉള് ഹിയ്യത്തിന് സ്വീകാര്യമാണ്. കൊമ്പ് പൊട്ടിയതും ജന്മനാ കൊമ്പില്ലാത്തതും ഉള്ഹിയ്യത്തി ന് പറ്റുമെങ്കിലും കൊമ്പുള്ളതാ ണ് ഉത്തമം. അതുപോലെ, പല്ല്പൊട്ടിയതും കൊഴിഞ്ഞുപോയ തും ബലിദാനത്തിന് തടസ്സമില്ല.ഒട്ടകത്തിനാണ് ബലിമൃഗങ്ങളിൽ ഒന്നാംസ്ഥാനം. രണ്ടാംസ്ഥാനത്ത് മാടും മൂന്നാം സ്ഥാനത്ത് ആടും. ഒട്ടകത്തിലോമാടിലോ ഏഴിൽ ഒരു ഓഹരിചേരുന്നതിനെക്കാൾ ഉത്തമംഒരു ആടിനെ അറുക്കലാണ്.ആൺമൃഗമാണ് പെൺമൃഗത്തെക്കാൾ ശ്രേഷ്ഠം. ഏതു നിറത്തിലുള്ള മൃഗത്തെയും ബലി നടത്താവുന്നതാണ്. പെരുന്നാൾ നിസ്ക്കാര ശേഷമാണ്ഉള്ഹിയ്യത്ത് നിർവഹിക്കേണ്ടത്..ഇന്നത്തെ ദിവസം നാം ആദ്യം ചെയ്യേണ്ടത് നിസ്കാരമാണ്. ശേഷം ബലികർമം നടത്തണം. അങ്ങനെ ചെയ്യുന്നവർ നമ്മുടെ സുന്നത്തിനെ അവലംബിച്ചു' (ബുഖാരി). 'നിങ്ങളുടെ രക്ഷി താവിന് വേണ്ടി നിസ്കരിക്കുക, അറവ് നടത്തുക' (സൂറത്തുൽ കൗസർ 2)പെരുന്നാൾ നിസ്കാരത്തിനു മുമ്പ് അറവ് നടത്തുന്നത് നിയമ വിരുദ്ധമാണ്. അങ്ങനെ ചെയ് താൽ നിർബന്ധ ഉള്ഹിയ്യത്താ ണെങ്കിൽ വേറെ മൃഗത്തെ ബലി നടത്തേണ്ടതുണ്ട്.



'നിസ്കാരത്തി നു മുമ്പ് അറവ് നടത്തിയാൽ അത് കുടുംബത്തിനുള്ള മാംസം മാത്രമാണ്; ആരാധനയുടേതല്ല(ബുഖാരി )ഉള്ഹിയ്യത്ത് ഉദ്ദേശിച്ചവർ ദുൽഹിജ്ജ പിറന്ന ശേഷം സ്വ ന്തം നഖവും മുടിയും മുറിക്കാ തിരിക്കൽ പ്രത്യേകം സുന്നത്തു ണ്ട്. 'നിങ്ങൾ ദുൽഹിജ്ജ

മാസം പിറവി കാണുകയും ഉള്ഹി യ്യത്ത് ലക്ഷ്യവുമുണ്ടെങ്കിൽ നഖവും മുടിയും മുറിക്കാതിരി ക്കട്ടെ' (മുസ്ലിം). സ്വന്തമായി തന്നെ അറവ് നടത്തലാണ് ഏറ്റ വും ഉത്തമം. സാധ്യമല്ലെങ്കിൽ അറവ് നടക്കുമ്പോൾ തന്റെ സാന്നിധ്യം ഉണ്ടായിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

രചന: മിൻഹാൽ മാരിയാട്

## 24 . ബലിപെരുന്നാളിനെ വരവേൽക്കാം നമുക്ക്

പ്രവാചകന്മാർ ഇബ്രാഹിം (അ) ഇസ്മാഈൽ (അ) മഹതി ഹാജറ(റ) എന്നിവർക്ക് അല്ലാഹു നൽകിയ അനിതരസാധാരമായ പരീക്ഷണങ്ങളും അതിൻറെ ത്യാഗവും വിജയ ഗാഥകളും ഓർമ്മിക്കുകയാണ് ബലിപെരുന്നാളിൽ. നീണ്ട കാത്തിരിപ്പിന് ശേഷം പ്രായാധിക്യത്തിൽ അല്ലാഹു കഞ്ഞി നൽകിയ മകൻ തന്നോടൊപ്പം നടന്നു തുടങ്ങുകയും തനിക്ക് കൈത്താങ്ങ് ആവുകയും ചെയ്ത വേളയിൽ അല്ലാഹുവിൻറെ തൃപ്തിക്കുവേണ്ടി മകനെ ബലി നൽകണമെന്ന് ഇബ്രാഹിം നബി (അ) ഇങ്ങേ ലഭിച്ച ഇലാഹിന്റെ കൽപ്പന ഒട്ടും കുഴക്കുകയോ ആശങ്കപ്പെടുത്തുകയോ ചെയ്തില്ല. കൽപ്പന അനുസരിച്ച് മകനെ നൽകാൻ ഒരുങ്ങിയ പിതാവ് വിവരം മകൻ ഇസ്മായിൽ (അ) നേ അറിയിച്ചു. മകനും ഒട്ടും സങ്കോപിച്ചില്ല. എല്ലാം നാഥന് സമർപ്പിക്കുന്നു എന്നാൽ ഇവരുടെയും സന്നദ്ധ സ്വീകരിച്ച പകരം ഒരു ആടിനെ ബലി നൽകാനുള്ള ഏർപ്പാടുകൾ ചെയ്യുകയായിരുന്നു. . പ്രസ്തുത ബലി ഓർമ്മകൾ അയവിറക്കി അതിനെ അനുസരിച്ച് ലോകം മുസ്ലിങ്ങൾ മൃഗബലി നടത്തുന്നു. എന്നതിനാലാണ് ഈ ആഘോഷം ബലിപെരുന്നാൾ എന്ന പേരിൽ അറിയപ്പെട്ടത്. അന്ധകാര ജനത പുതുവത്സരത്തിന്റെ പേരിൽ ന്യൂ ഇയറും ബിംബദൈവങ്ങളുടെ പേരിൽ ആഘോഷിച്ചിരുന്നു. പ്രസ്തുത രണ്ട് ആഘോഷങ്ങൾക്ക് പകരമായാണ് അല്ലാഹു മുസ്ലിമീങ്ങൾക്ക് രണ്ടു പെരുന്നാൾ ആഘോഷങ്ങൾ നൽകിയത്. ഈ പകരംവയ്ക്കൽ പരിഗണിച്ച് രണ്ടുപേർ ആഘോഷങ്ങളെ പ്രാധാന്യത്തോടെ എടുത്തു വരാറുണ്ട്. അതോടൊപ്പം തന്നെ ഖുർആൻ അവതരിപ്പിച്ചതിന്റെ വാർഷികാഘോഷമായ ഒരു മാസം നീണ്ടുനിൽക്കുന്ന റമദാൻ ഫിർഔനിന്റെ അക്രമത്തിൽ നിന്നും മൂസാ നബി(അ) നെ സംരക്ഷിച്ചതിന്റെ പേരിലുള്ള മുഹറം തിരുനബിയുടെ പിറവിയുടെ പേരിലുള്ള മീലാദ് വാർഷികാഘോഷം, മിഅ്റാജിന്റെ വേദിയിലുള്ള റജബ്, തുടങ്ങി തിങ്കൾ വ്യാഴം വെള്ളി എന്നീ ദിവസങ്ങളിൽ ഉള്ള ആഘോഷങ്ങൾ വരെ ഇസ്ലാമിന്റെ അധ്യാപനങ്ങളിൽ പെട്ടതാണ്. ഇസ്ലാം ഏതൊരു മതത്തിനും ആഘോഷങ്ങളിലും ഇതര ദേശീയ പ്രാദേശിക ആഘോഷങ്ങളിലും സാമൂഹിക ആഘോഷങ്ങളിലും ആകാശമന്ഥനായ ആവേഗ ദരിതനായും മുസ്ലിം പങ്കെടുക്കരുതെന്നാണ് ന്യൂ ഇയർ മെഹർ ജാൻ ആഘോഷങ്ങൾ ആയി പകരം വെച്ചുകൊണ്ട് ഇസ്ലാം പഠിപ്പിക്കുന്നത്.

രചന: മിൻഹാജ് തനിയമ്പുറം

## 25 . യുവാക്കൾ നശിപ്പിക്കുന്ന പെരുന്നാൾ

നിങ്ങളുടെ മനസ്സിൽ ഏറ്റവും സന്തോഷവും ആഹ്ലാദവും ഉള്ള ഒരു ആഘോഷമാണ് ബലിപെരുന്നാൾ അതിലെ ഏറ്റവും വലിയ ഒരു ആഘോഷമാണ് പെരുന്നാൾ ആഘോഷം കൊണ്ട് നമുക്ക് എത്ര പ്രതിഫലമാണ് ലഭിക്കുന്നത്.

മാത്രമല്ല ഇബ്രാഹിം നബിയുടെയും, ഇസ്മായിൽ നബിയുടെയും ചര്യ പിൻപറ്റുകയാണ് നമ്മൾ ബലിപെരുന്നാൾ കൊണ്ട് ഉദ്ദേശിക്കുന്നത്. നമ്മുടെ സമുദായ യുവാക്കൾ എത്ര തെറ്റുകളാണ് പെരുന്നാൾ എന്ന പേരിൽ ചെയ്യുന്നത്? കള്ളുകുടിക്കുന്നവര് വരെ നമ്മുടെ സമുദായ യുവാക്കൾ ഉണ്ട്. പിന്നെ ബലി അറുക്കുന്നതിന് ഒന്നും പങ്കുചേരാതെ അവരുടെ പണിക്കു പോവുകയാണെന്ന് പല യുവാക്കളും ഇന്ന് പഴയ പഴയ ആളുകളും പ്രായമായ ഒരു മാത്രമാണ് ഇതിന് നേതൃത്വം നൽകുന്നത്. അതിൽ നിന്നൊക്കെ നമ്മുടെ നാട് ഒന്നു മാറേണ്ടതുണ്ട് കഴിയുന്നവരായ യുവാക്കളാണ് ഇതിനൊക്കെ നേതൃത്വം വഹിക്കേണ്ടത്. മാത്രമല്ല ഈ പെരുന്നാളിനു കൊടുക്കുന്നതിനെകാൾ സ്ഥാനം പലരും ഇന്ന് ഇതര മത ആഘോഷങ്ങൾക്ക് കൊടുക്കുകയാണ്. അതിൽ നിന്നൊക്കെ നമ്മൾ മാറേണ്ടത് അത്യാവശ്യമാണ്. ഇല്ലെങ്കിൽ നമ്മുടെ മതത്തെ നമ്മൾ തന്നെ നശിപ്പിക്കുന്നത് പോലെയാണ് . പെരുന്നാളുകളിൽ ഏറ്റവും പ്രാധാന്യമേറിയ പെരുന്നാൾ ബലിപെരുന്നാൾ ആണ്.


രചന: ശാഹിദ് പെരുംതാറ്റിരി



# 26 . മറക്കാൻ പറ്റാത്ത ദിനാരാത്രങ്ങൾ

ഒരു വിശ്വാസിയെ സംബന്ധിച്ച് വർഷത്തിൽ സന്തോഷമുള്ള ദിവസങ്ങളിൽ പെട്ട ഒരു ദിവസമാണ് പെരുന്നാൾ. ഒരിക്കൽ നബി സല്ലല്ലാഹു അലൈഹി വസല്ലമ തങ്ങൾ പെരുന്നാൾ ദിനത്തിൽ പെരുന്നാൾ നിസ്കാരം കഴിഞ്ഞു പുറത്തിറങ്ങിയപ്പോൾ കരണ്ടു കലങ്ങിയോ കണ്ണുകളുമായി ഒരു . അനാഥനും ഒരു യത്തീമും ആണ് അവൻ. നബിസല്ലല്ലാഹു അലൈഹി വസല്ലമ തങ്ങൾ കാര്യങ്ങൾ ചോദിച്ചറിഞ്ഞു അവനു പെരുന്നാൾ കൊടിയും നൽകി. പിന്നെ അവനെ തങ്ങളുടെ വീട്ടിലേക്ക് കൊണ്ടുപോയി അവിടുത്തെ പത്നിയോട് ആ ബാലനെ കുളിപ്പിച്ച് ഭക്ഷണം നൽകാനായി അറിയിച്ചു. പെരുന്നാൾ എന്നുള്ളത് രണ്ട് വിധത്തിലാണ് ഒന്ന് ഈദുൽ അള്ഹ, മറ്റൊന്ന് ഈദുൽഫിത്തർ ഈദുൽ അൽഹാ ദിവസത്തിൽ പെരുന്നാൾ നിസ്കാരത്തിന് പള്ളിയിൽ പോകുന്നതിനു മുമ്പ് ഭക്ഷണം കഴിക്കാതിരിക്കലും ഈദുൽ ഫിത്വറിന്റെ ദിവസത്തിൽ പള്ളിയിൽ പോകുന്നതിനു മുമ്പ് ഭക്ഷണം കഴിക്കലും ആണ് സുന്നത്ത്. ഈദുൽ അള്ഹാ ദിവസം നിസ്കാരം നേരത്തെ ആക്കലും ഈദുൽ ഫിത്വറ് ദിവസത്തിൽ കുറച്ചു വൈകി നിസ്കരിക്കലും സുന്നത്താണ് ഈ ദിവസത്തിൽ കുടുംബബന്ധം പുലർത്തൽ വളരെ സുന്നത്തുള്ള കാര്യമാണ്. ഈദുൽ അള്ഹാ ദിവസത്തിൽ ഏവരും ആകാംക്ഷയോടെ കാത്തുനിൽക്കുന്ന ഒന്നാണ് ബലിയറുക്കൽ. മഹല്ല് പള്ളികളിലെ ബലിയാണെങ്കിൽ പറയുകയും വേണ്ട. അത് മനസ്സിന് വല്ലാത്തൊരു അനുഭൂതിയാണ്. ഞങ്ങളുടെ മഹല്ലിൽ ഈദുൽഫിത്തറിനെ ഒരു കൂട്ടുപ്രാർത്ഥന ഉണ്ടാകാറുണ്ട്. അതിൻ എൻറെ കൂട്ടുകാരൻറെ ഉപ്പയാണ് നേതൃത്വം നൽകാറ് ഇതു കാരണം ഞങ്ങളുടെ മഹല്ലിൽ മറവെട്ട് കിടക്കുന്ന എല്ലാ ഖബറാളികളക്കും പെരുന്നാൾ ദിവസം ആഘോഷിക്കാനാകും. ഒരിക്കൽ ഒരാൾ എന്റെ ഉപ്പയോട് പറഞ്ഞു; ഉസ്താദെ എനിക്ക് എൻറെ ബാക്കികരുടെ ഖബർ ഏതാണെന്ന് എന്നിക അറിയില്ല. ഇതു കാരണം അവര്കും ദുഃയുടെ ഈജബത്ത് ലഭീകുമല്ലോ. എന്ന് സന്തോഷം ആ വ്യക്തി അറിയിച്ചു കൊടുത്തു. പെരുന്നാൾ ദിവസം നമ്മെ തൊട്ട് വിട്ട് വിരിഞ്ഞവരെ നാം ഒരിക്കലും മറന്നുകൂടാ കാരണം അവർ ഉണ്ടായിരുന്നില്ലെങ്കിൽ ഇന്ന് നാം ഓരോരുത്തരും ഉണ്ടാകുമായിരുന്നില്ല. അതിനാൽ അവരുടെ

പാപമോചനത്തിന് നാം പ്രത്യേകം പ്രാർത്ഥിക്കൽ നമ്മുടെ കടമയാണ് എൻറെ ഒരു പെരുന്നാൾ ദിവസം എന്നാൽ തലേദിവസം രാത്രി വൈകി ഉറങ്ങും അടുത്ത ദിവസം സുബഹി നിസ്കാരത്തിന് ഉപ്പ വിളിക്കും നിസ്കാരം കഴിഞ്ഞു വീട്ടിൽ വന്നശേഷം ശരീരമാസകലം സൈതെണ്ണ പുരട്ടും ശേഷം പത്ത് മിനിറ്റ് റെസ്റ്റ് എടുക്കും ഈ സമയത്ത് ഞാൻ ഉപ്പയുടെ വാഹനം ക്ലീൻ ചെയ്യും . കഴിഞ്ഞാൽ പോയി കുളിക്കും. പിന്നെ എൻറെ പുതുവസ്ത്രങ്ങൾ ധരിക്കും. അപ്പോഴേക്കും പെങ്ങമ്മാരും അനിയത്തിമാരും ഉൾപ്പെടെ എല്ലാവരും എഴുന്നേൽക്കും ഉമ്മ ഞാൻ മുമ്പ് തന്നെ എണീക്കും ഫ്രഷായി വരും അനിയനെ ആദ്യം ഞാൻ ഭക്ഷണം കഴിക്കും. പിന്നീട് ഞങ്ങൾ ഉപ്പയുടെ കൂടെ ഉപ്പയുടെ സ്ഥാപനത്തിലേക്ക് പോകും. അവിടെ ചെന്ന് ചെയ്ത് ഉപ്പയുടെ മുറിയിൽ പ്രവേശിക്കും. പള്ളിയിൽ വരുന്ന എല്ലാവരെയും ഉപ്പ കാണാൻ വരും അതുകഴിഞ്ഞ് ഉപ്പ പെരുന്നാൾ ഖുതുബ റിഹേഴ്സൽ ചെയ്തു നോക്കും . നാലഞ്ചു കുട്ടികൾ പള്ളിയിൽ എത്തി കഴിഞ്ഞാൽ പള്ളിയിൽ തക്ബീർ ധ്വനികൾ മുഴങ്ങാൻ തുടങ്ങും.



ഉപ്പ നിസ്കരിക്കാനായി പള്ളിയിൽ പ്രവേശിക്കും ഞാനും അനിയനും പിന്നാലെ അകത്തെ പള്ളിയിൽ പ്രവേശിക്കും ഉപ്പ നിസ്കാരത്തിനു മുമ്പ് പെരുന്നാൾ നിസ്കാരത്തെ കുറിച്ചും ഖുതുബയെ കുറിച്ചും മലയാളത്തിൽ പറഞ്ഞു കൊടുക്കും. പിന്നെ അവിടെ വരുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കായി ഉർദുവിലും അവ വിശദീകരിക്കും. ശേഷം മുൻപിലെ സ്വഫിലുള്ള ഒരു ഉസ്താദ് ഇകാമത്ത് പോലുള്ള ഒരുതരം ദിക്റ് ചൊല്ലും. ശേഷം നിയ്യത്ത് വെച്ച് നിസ്കാരം തുടങ്ങും നിസ്കാരം കഴിഞ്ഞതിനുശേഷം ഖുതുബയും ഉണ്ടാകും അതുകഴിഞ്ഞ് പിരിയുമ്പോൾ അവരുടെ വകയായിട്ട് ഒരു മധുര പാനീയമോ പലഹാരം ഉണ്ടാകും അതും കഴിച്ച് കാണേണ്ടവരെ കണ്ട് അടുത്തുള്ളതായ ഒരു വീട്ടിൽ പോയി ഭക്ഷണം കഴിച്ച് നേരെ മഹല്ല് പള്ളിയിൽ എത്തും . ചെറിയപെരുന്നാൾ ആണെങ്കിൽ കൂട്ടപ്രാർത്ഥനയും ബലിപെരുന്നാൾ ആണെങ്കിൽ ബലി അറുക്കലും നടക്കും. അതിനുശേഷം മുത്താപ്പാരുടെ വീട്ടുകാർക്കും അയൽവാസികൾക്കും എൻറെ വീട്ടിൽ ആദ്യം പെരുന്നാൾ സദ്യ ഒരുങ്ങും. ശേഷം പതിവുപോലെ ബാക്കി ബന്ധുക്കളുടെ വീടുകൾ സന്ദർശിക്കും. . ഉച്ച സമയമായി തുടങ്ങിയാൽ പെങ്ങന്മാരുടെ വീടുകളിൽ പോയി തിരികെ എത്തും. അപ്പോഴേക്കും ഉപ്പയുടെ പുന്നാര ശിഷ്യന്മാർ ഉപ്പയെ കാണാനായി വരും. അവർക്ക് ഉമ്മയോ അല്ലെങ്കിൽ പെങ്ങമ്മാരെ ഉണ്ടാക്കിയ പലഹാരം നൽകും. പിന്നെ സന്ദർശകരായ പലരും വന്നു പോകും രാത്രിയാകുമ്പോഴേക്കും ഇത്താത്തമാരും വീട്ടിലെത്തും. പിന്നെ അന്നേ ദിവസത്തെ രാത്രി അത്താഴം എൻറെ ഉമ്മയുടെ വീട്ടിൽ നിന്ന് കഴിച്ചു പെരുന്നാൾ ദിവസത്തെ യാത്രയാക്കും.

രചന: മിൻഹാജ് പത്തപ്പിരിയം



# 27 .എന്റെ പെരുന്നാൾ അനുഭവം

എനിക്ക് ഏറ്റവും ഇഷ്ടമായിരുന്നു ബലിപെരുന്നാൾ. ബലിപെരുന്നാളിന് വേണ്ടി ഞാൻ കാത്തിരിക്കുകയായിരുന്നു പുതിയ ഡ്രസ്സ് പുതിയ ചെരുപ്പിട്ട് പോയ ഒരു കാലം എത്ര മനോഹരമായിരുന്നു. അത് കഴിഞ്ഞാലും ഒരു ബിരിയാണി എന്താ രസം. എന്റെ മഹല്ല് 40 പോത്താണ് സാധാരണ ബലി അറുക്കാൻ ഉണ്ടാവുക. അത് കാണാൻ പോകും. അത് കഴിഞ്ഞ് വീട്ടിലേക്ക് തിരിച്ചെത്തുമ്പോഴേക്കും ഇറച്ചി വീട്ടിലെത്തിയിട്ടുണ്ടാവും. എന്നിട്ട് വൈകിട്ട് ഉമ്മയുടെ വീട്ടിലേക്ക് പോകും അവിടുത്തെ ചങ്ങാതിമാരുടെ കൂടെ ടൂർ പോകാൻ പ്ലാൻ ഇടും . എന്തെല്ലാം ചങ്ങാതിമാരുടെ വീട്ടിലും പായസമോ മധുര പാനീയമോ ലഭിക്കും. ഇറച്ചി കൊണ്ട് വീട്ടിൽ ബിരിയാണി ഉണ്ടാക്കും ഇതാണ് എൻറെ പെരുന്നാൾ ദിനങ്ങൾ.

രചന: ഇർഫാൻ തനിയംപുറം

# 28 .ബലിപെരുന്നാൾ ഓർമ

ബലിപെരുന്നാൾ മുസ്ലിമീങ്ങളുടെ ഒരു വലിയ ആഘോഷമാണ്. രണ്ട് പ്രാവശ്യം ആണ് പെരുന്നാൾ ഉള്ളത് ചെറിയപെരുന്നാൾ ബലിപെരുന്നാളും ഒരുമുഅ്മിനിൻ ആഴ്ചയിൽ രണ്ടുപ്രാവശ്യം പെരുന്നാളുണ്ട് എല്ലാ വെള്ളിയാഴ്ചയും എല്ലാ തിങ്കളാഴ്ചയും അതിൽ തന്നെ ഏറ്റവും ശ്രേഷ്ഠമായത് ബലിപെരുന്നാളും ചെറിയപെരുന്നാളും ആണ് . ബലിപെരുന്നാൾ ഉണ്ടാകാൻ കാരണം അല്ലാഹു ഇബ്രാഹിം നബി അലൈെസലാമിനോട് ഒരു ദിവസം സ്വപ്നത്തിൽ മകനായ ഇസ്മായിൽ അലൈെഹിസ്സലാമിനെ  ബലി അറുക്കുന്നത് സ്വപ്നത്തിൽ കാണിച്ചുകൊടുത്തു . ഇബ്രാഹിം നബി ആദ്യം അത് കാര്യമാക്കിയില്ല അത് പിശാചിൻറെ ഭാഗത്തുനിന്നുള്ള സ്വപ്നം ആണ് എന്ന് കരുതി വീണ്ടും വീണ്ടും അത് ആവർത്തിച്ചപ്പോൾ അല്ലാഹുവിൻറെ അടുത്തു നിന്നുള്ള സ്വപ്നമാണെന്ന് മനസ്സിലായി . അല്ലാഹുവിൻറെ കല്പനപ്രകാരം ഇബ്രാഹിം നബി അലൈെഹിസ്സലാം തന്റെ മകനോട് ഇങ്ങനെ പറഞ്ഞു അല്ലാഹുതആല നിന്നെ ബലിയർക്കാൻ പറഞ്ഞിട്ടുണ്ട് ഇസ്മായിൽ നബി പറഞ്ഞു അല്ലാഹു പറഞ്ഞതല്ലേ അതുകൊണ്ട് ഉടനെ എന്നെ അറുക്കൂ ബാപ്പ... എന്ന് പറഞ്ഞു ഒരു മലയുടെ മുകളിലേക്ക് ഇസ്മായിൽ നബിയെ കൊണ്ടുപോയി അവിടെനിന്ന് തൻറെ സ്വന്തം മകനെ ഇബ്രാഹിം നബി അലൈെസലാമിന് അറുക്കാൻ മനസ്സില്ലെങ്കിലും അല്ലാഹു പറഞ്ഞതുകൊണ്ട് അറുക്കാൻ തീരുമാനിച്ചു കഴുത്തിൽ കത്തി വെച്ചപ്പോൾ അല്ലാഹു പറഞ്ഞു അരുത്  മകനാറുക്കുന്നതിനു പകരം ജിബ്രീൽ (അ) മുഖേന ആകാശത്തുനിന്ന് ഒരു ആടിനെ കൊടുത്തു. ബലിപെരുന്നാൾ എന്ന് പേര് ലഭിച്ചതും.  നബി തങ്ങൾ പറഞ്ഞു ഉള്ഹിയ്യത്ത് അറുക്കുന്ന മൃഗത്തിന്റെ മേലിൽ ഉള്ള ഓരോ രോമങ്ങൾക്കും 10 ഹസനാത്ത് കൂലിയുണ്ട് അതിനാൽ ഇനി വരുന്ന എല്ലാ ബലിപെരുന്നാളിലും നമുക്ക് ബലി അറുക്കുവാനും  നിലനിർത്തുവാനും തൗഫീഖ് തരട്ടെ ..........

രചന: നിഹാൽ കാരിപ്പറമ്പ്


بداية الصفا
SAFA START